വില ₹ 40 (ഒറ്റപ്രതി) | ₹ 400 (വാർഷിക വരിസംഖ്യ)

2021
മെയ്

Coirfed

# കയർ വ്യവസായം

(ഒരു കയർഫെഡ് പ്രസിദ്ധീകരണം)

## നവചരിത്രം രചിച്ച്
## രണ്ടാം പിണറായി സർക്കാർ



കേരള മുഖ്യമന്ത്രി

# പിണറായി വിജയന്

കയർഫെഡിന്റെ

# ആശംസകൾ



# കയർ വ്യവസായം

# ഉള്ളടക്കം

**Vol-4, No.-10**
Established in 1998

Founder Chief Editor:
**Anathalavattom Anandan**

*Chief Editor:*
**Adv. N. Saikumar**

*Editorial Board*
**Joshy Abraham**
**S.L. Sajikumar**
**V.S. Money**
**Rema Madanan**
**C. Sureshkumar**

*Managing Editor*
**B. Sunil**

*Editorial Assistants*
**N.S. Mohandas**
**S. Sheela**
**V.N. Sasikumar**
**M. Arunkumar**
**P. Prajeesh**
**S. Saneesh**
**P.V. Venugopal**

*Design & layout*
**Kilikood**
**Ph: 9142142400**
**kilikoodalpy@gmail.com**




**PAGE 20**




**ചരിത്രപ്രതിജ്ഞ**

**PAGE 24**



**ഒന്നായി മുന്നേറാം:
മുഖ്യമന്ത്രി
പിണറായി വിജയൻ**

**PAGE 27**



**15–ാം കേരള
നിയമസഭാംഗങ്ങൾ**

**PAGE 33**



**സഭാനാഥനായി
ആയിരം നാവുള്ള
പാർലമെന്റേറിയൻ**

**ലേഖകരുടെ അഭിപ്രായങ്ങൾ
കയർഫെഡിന്റേതായിരിക്കണമെന്നില്ല. അവയുടെ
ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും.**

ചിത്രങ്ങൾക്ക് വിവിധ വെബ്സൈറ്റുകളോട് കടപ്പാട്

**The Kerala State Co-Operative Coir Marketing Federation Ltd.**
No. 679 (COIRFED), PB No. 4616, Alappuzha - 688012
Tel: 0477 2243627, 2243628, 2243629, 2244109(D). www.coirfed.com
**Email: coirfedho@gmail.com, coirfedprd@gmail.com**





# എഡിറ്റോറിയൽ

## പുതിയ സർക്കാരിനൊപ്പം പുത്തൻ പ്രതീക്ഷകളിലേക്ക്

നവകേരള സൃഷ്ടിക്കായുള്ള കേരള ജനതയുടെ പോരാട്ടത്തിന് പുത്തൻ ഉണർവ്വും ഉത്സാഹവും നൽകി രണ്ടാം പിണറായി സർക്കാർ അധികാരത്തിലെത്തിയിരിക്കുന്ന ഘട്ടത്തിലാണ് കയർവ്യവസായം മാസികയുടെ ഈ ലക്കം പ്രകാശിതമാകുന്നത്.

രാജ്യത്ത് കോവിഡിന്റെ രണ്ടാം തരംഗം രൂക്ഷമായിരിക്കുന്ന ഘട്ടം കൂടിയാണിത്. രാജ്യത്താകമാനം തൊഴിലില്ലായ്മയും വരുമാന തകർച്ചയും മൂലം ജനജീവിതം ദുസ്സഹമായിരിക്കുന്ന സ്ഥിതിയിലും ജനങ്ങൾക്ക് ആശ്വാസമേകുന്ന ഒരു പദ്ധതിയും നടപ്പിലാക്കാതെ ഇന്ധനവില ദിവസവും വർദ്ധിപ്പിച്ച് ജനങ്ങളുടെമേൽ ദുരിതം അടിച്ചേൽപ്പിക്കുന്നു.

അതേസമയം കടുത്ത സാമ്പത്തിക ഞെരുക്കത്തിലായിട്ടും ദുരിതം അനുഭവിക്കുന്ന ജനങ്ങൾക്ക് ആശ്വാസമേകുന്ന പദ്ധതികളിൽ ഒരു തരത്തിലുള്ള വിട്ടുവീഴ്ചക്കും കേരള സർക്കാർ തയ്യാറാകുന്നില്ലെന്നു മാത്രമല്ല കൂടുതൽ കൂടുതൽ സഹായങ്ങൾ ജനങ്ങളിലെത്തിക്കാനുള്ള തീവ്ര ശ്രമങ്ങൾ തുടരുകയുമാണ്. കോവിഡ് മഹാമാരി നേരിടുന്നതിൽ കേരളത്തിലെ ഇടതുപക്ഷ സർക്കാർ കാട്ടുന്ന ഈ മാതൃകാപരമായ പ്രവർത്തനം അന്തർദ്ദേശീയ പ്രശംസയും ആദരവും നേടുന്നു എന്നത് ഏറെ അഭിമാനകരമാണ്.

മഹാനായ ഇ.എം.എസിന്റെ നേതൃത്വത്തിൽ 1957ൽ അധികാരമേറ്റ കേരളത്തിലെ ആദ്യ മന്ത്രിസഭയുടെ കാലം മുതൽ ഇന്നോളം കേരളം കാത്തുസൂക്ഷിച്ച ജനപക്ഷ വികസന സമീപനങ്ങളാണ് ഇന്നു നാം നടത്തുന്ന പ്രതിരോധത്തിന്റേയും അതിജീവനത്തിന്റേയും ആണിക്കല്ല് എന്നത് ഇത്തരുണത്തിൽ എടുത്തുപറയേണ്ടതുണ്ട്. കേരളത്തിലെ ദരിദ്രരായ തൊഴിലാളി സമൂഹത്തിന്റേയും, മാറിമാറി വന്ന കേന്ദ്ര സർക്കാരുകളുടെ വികലമായ സാമ്പത്തിക സമീപനം മൂലം അനുദിനം ദരിദ്രവത്കരിക്കപ്പെട്ട ഇടത്തരക്കാരുടേയും ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള ഊന്നൽ ആയിരുന്നു ഈ വികസന സമീപനത്തിന്റെ അടിത്തറ. ഭൂമി അടക്കമുള്ള വിഭവങ്ങളുടെ നീതി പൂർവ്വമായ വിതരണം, സമ്പത്തുത്പാദനത്തിൽ ബഹുഭൂരിപക്ഷം വരുന്ന ദരിദ്ര ജനതയുടെ പങ്കാളിത്തം ഉറപ്പാക്കുക, അതിലൂടെ അവരുടെ തൊഴിലവസരങ്ങളും വരുമാനവും വർദ്ധിപ്പിക്കുക, അതോടൊപ്പം തന്നെ കേരളത്തിലെ പൊതു സംവിധാനങ്ങളും സാമൂഹ്യ സുരക്ഷാ പദ്ധതികളും മെച്ചപ്പെടുത്തുക എന്നീ വികസന തന്ത്രങ്ങളിലൂടെയായിരുന്നു ലോകമെങ്ങും പ്രസിദ്ധമായ 'കേരള മാതൃക' നാം സൃഷ്ടിച്ചെടുത്തത്. ഭൂപരിഷ്കരണം, ശക്തമായ വിദ്യാഭ്യാസ-ആരോഗ്യ-പൊതു വിതരണ ശൃംഖലയുടെ സൃഷ്ടി, സമ്പൂർണ്ണ സാക്ഷരതാ പ്രസ്ഥാനം, ജനകീയാസൂത്രണം എന്നിവയൊക്കെ വഴി നാം ആർജിച്ച നേട്ടങ്ങളാണ് ഇന്ന് നമ്മുടെ പ്രതിരോധത്തിനും അതിജീവനത്തിനും കരുത്താകുന്നത്.

എഡിറ്റോറിയൽ

ഒന്നിനു പുറകെ ഒന്നായി സമാനതകളില്ലാത്ത പ്രതിസന്ധികളെ നേരിടുകയും അതിജീവിക്കുകയും ചെയ്ത സർക്കാരാണ് കഴിഞ്ഞ അഞ്ചുവർഷം നമ്മെ നയിച്ചത്. ഓഖി, നിപാ, പ്രളയം, കാലവർഷക്കെടുതി, ഉരുൾപ്പൊട്ടലുകൾ എന്നിവയ്ക്കുശേഷം ഒടുവിൽ കോവിഡും വന്നു. അവയുടെയൊന്നും മുൻപിൽ കേരളം തളർന്നില്ല. കേരള ജനത അവയെ എല്ലാം ധീരതയോടെ നേരിട്ടു. ഒന്നാം പിണറായി സർക്കാർ കഴിഞ്ഞ 5 വർഷക്കാലംക്കൊണ്ട് അടിസ്ഥാന സൗകര്യ വികസനരംഗത്തും വ്യാവസായിക വളർച്ചയിലും കൈവരിച്ച നേട്ടങ്ങൾ അത്ഭുതാവഹമാണ്. നൂതനാശയങ്ങൾ, കിഫ്ബി വഴിയുള്ള 50,000 കോടിയിലേറെ രൂപയുടെ അധിക വികസന പ്രവർത്തനങ്ങൾ, ധനകാര്യ വകുപ്പ് മന്ത്രി ഡോ.ടി.എം.തോമസ് ഐസക്കിന്റെ കഴിഞ്ഞ അഞ്ചു വർഷക്കാലത്തെ വികസനോൻമുഖ ബജറ്റുകൾ എന്നിവ വഴി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സർവതലസ്പർശിയും സാമൂഹ്യനീതിയിലധിഷ്ഠിതവുമായ വികസനവും സാധ്യമാക്കുവാൻ കഴിഞ്ഞു.

അങ്ങനെയുള്ള എൽ.ഡി.എഫ് സർക്കാരിന്റെ തുടർഭരണം സമുജ്വലമായ പുതിയ തുടക്കമാണ്. അടുത്ത അഞ്ചു വർഷംകൊണ്ട് നടപ്പിലാക്കുന്ന പദ്ധതികൾ സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. സാങ്കേതിക വിദ്യയിലുൾപ്പെടെ കൊണ്ടുവരുന്ന മാറ്റങ്ങളിലൂടെ പൊതുമേഖലാ സ്ഥാപനങ്ങളെ നവീകരിക്കുക, വ്യവസായ ഇടനാഴി, തുറമുഖം, ഷിപ്പിങ്ങ്, ലോജിസ്റ്റിക്സ്, ഉൾനാടൻ ജലഗതാഗതം എന്നിവയുടെ വികസനത്തിലൂടെ അവയുമായി ബന്ധപ്പെട്ട വ്യവസായങ്ങളുടെ വളർച്ച ഉറപ്പുവരുത്തുക, സ്റ്റാർട്ട്അപ്പുകൾ ആരംഭിക്കുന്നതിനും ഹൈടെക് സംരംഭത്തിലേർപ്പെടുന്നതിനും വിദ്യാർഥികൾക്കും അധ്യാപകർക്കും പ്രോത്സാഹനം നൽകുക, കൂടുതൽ വൈദഗ്ധ്യമുള്ള തൊഴിലുകൾ നേടിയെടുക്കുന്നതിന് യുവാക്കളെ സജ്ജരാക്കുക, കാര്യക്ഷമമായ ലേബർ മാർക്കറ്റ് ഇൻഫർമേഷൻ സംവിധാനവും ടെക്നിക്കൽ ആൻഡ് വൊക്കേഷണൽ എജ്യുക്കേഷൻ ആൻഡ് ട്രെയ്നിങ് സംവിധാനവും ഒരുക്കുക, പൊതുമേഖലാ റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുക, ഇ-ഫ്ളാറ്റ്ഫോം വഴി വനിതകളുടെ തൊഴിൽ ഇല്ലായ്മ പരിഹരിക്കുന്നതിനുള്ള പദ്ധതികൾ തുടങ്ങിയവയൊക്കെ ഇവയിൽ ചിലത് മാത്രം.

മറ്റെല്ലാ മേഖലയിലുമെന്നതുപോലെ കയർ മേഖലയിലും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വൻവികസനക്കുതിപ്പാണ് കൈവരിച്ചത്. അസ്തമയ വ്യവസായമായി എഴുതി തള്ളാൻ ശ്രമിച്ച കയർ വ്യവസായത്തെ രണ്ടാം കയർ പുനസംഘടനാ പദ്ധതിയിലൂടെ ഗതകാല പ്രൗഢിയിലേക്ക് തിരിച്ചുകൊണ്ടുവരുവാൻ കഴിഞ്ഞിരിക്കുന്നു. സംസ്ഥാനത്തെ കയർ ഉത്പാദനം 60,000 ക്വിന്റലിൽ നിന്നും ക്രമാനുഗതമായി വർദ്ധിച്ച് കോവിഡ് മഹാമാരിയുടെ പ്രതിസന്ധി ഘട്ടത്തിലും കഴിഞ്ഞ വർഷം രണ്ടര ലക്ഷം ക്വിന്റലിൽ എത്തി നിൽക്കുന്നു. 2025 ഓടെ ഏഴു ലക്ഷം ക്വിന്റൽ കയർ ഉത്പാദിപ്പിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. പരമ്പരാഗത കയർ വ്യവസായം നവീകരിച്ച് ഓരോ തൊഴിലാളിക്കും കൂടുതൽ മൂല്യവർധനവ് സാധ്യമാക്കുന്നതിനുള്ള പദ്ധതികൾക്കും സർക്കാർ ലക്ഷ്യമിടുന്നുണ്ട്. രണ്ടാം കയർ പുനസംഘടനാ പദ്ധതി പൂർത്തിയാകുന്നതോടുകൂടി രണ്ടാം പിണറായി സർക്കാരിന്റെ നേതൃത്വത്തിൽ കയർ വ്യവസായം അതിന്റെ ഗതകാല പ്രൗഢി പൂർണ്ണമായും വീണ്ടെടുത്ത് സൂര്യോദയ വ്യവസായമായി മാറുമെന്ന് നിശ്ചയമായും പ്രതീക്ഷിക്കാം.

പുതിയ മന്ത്രിസഭയിൽ വ്യവസായം, വാണിജ്യം, നിയമം എന്നിവയോടൊപ്പം കയർവകുപ്പും കൈകാര്യം ചെയ്യുന്നത് പരിണിതപ്രജ്ഞനും സൈദ്ധാന്തികനും ഗ്രന്ഥകാരനും പത്രപ്രവർത്തകനും അതുല്യനായ സംഘാടകനുമായ പി. രാജീവാണ് എന്നത് കയർ മേഖലയിലുള്ളവർക്ക് ഏറെ സന്തോഷം നൽകുന്ന കാര്യമാണ്. വിദ്യാർത്ഥി-യുവജന രംഗത്ത് തീക്ഷ്ണമായ പോരാട്ടങ്ങൾക്ക് നേതൃത്വം നൽകിയ രാജീവ് ട്രേഡ് യൂണിയൻ രംഗത്തും വ്യക്തിമുദ്ര പതിപ്പിച്ചയാളാണ്. ഇപ്പോൾ സി.പി.ഐ.എം സംസ്ഥാന സെക്രട്ടേറിയറ്റ് അംഗമായ അദ്ദേഹം ദേശാഭിമാനി മുൻ ചീഫ് എഡിറ്ററും മുൻ രാജ്യസഭാംഗവുമാണ്. 2009 ൽ രാജ്യസഭാ അംഗമായ തെരെഞ്ഞെടുക്കപ്പെട്ട രാജീവ് രാജ്യസഭാ അഷ്വറൻസ് കമ്മറ്റി ചെയർമാനും രാജ്യസഭ നിയന്ത്രിക്കുന്ന പാനൽ ഓഫ് ചെയർമാനുമായിരുന്നു. ഇന്റർനെറ്റ് സ്വാതന്ത്ര്യം ഹനിക്കുന്ന ഐ.ടി.നിയമ ഭേദഗതി റദ്ദാക്കുന്നതിനുള്ള പ്രമേയം അവതരിപ്പിച്ചതും അദ്ദേഹമായിരുന്നു. 2013 ൽ ഐക്യരാഷ്ട്രസഭ ജനറൽ അസംബ്ലി, സാമ്പത്തിക സാമൂഹിക കൗൺസിൽ എന്നിവയിൽ ഇന്ത്യയെ പ്രതിനിധീകരിച്ച് പങ്കെടുത്തു. 2014ലെ രാജ്യസഭാ ചെയർമാൻ ഡോക്ടർ ഹമീദ് അൻസാരിയും ചൈനീസ് വൈസ് പ്രസിഡന്റും തമ്മിലുള്ള ഉഭയകക്ഷി ചർച്ചയ്ക്കുള്ള സംഘത്തിൽ അംഗമായിരുന്നു. 2015 ൽ ബ്രിട്ടീഷ് പാർലമെന്റ് സന്ദർശിച്ചു. 1997 ലും 2010 ലും ഹവാനയിലും സൗത്ത് ആഫ്രിക്കയിലും നടന്ന ലോക യുവജന വിദ്യാർത്ഥി സമ്മേളനത്തിലും പങ്കെടുത്തിട്ടുണ്ട്.

രാജ്യസഭയിൽ നിന്ന് അദ്ദേഹം വിടവാങ്ങിയ ദിവസം ഭരണ പ്രതിപക്ഷ ഭേദമില്ലാതെ ഏറ്റവും മുതിർന്ന നേതാക്കളടക്കം അദ്ദേഹത്തിന് നൽകിയ മുക്തകണ്ഠമായ പ്രശംസ മാത്രം മതി പാർലമെന്റേറിയൻ എന്ന നിലയിൽ അദ്ദേഹത്തിന്റെ മികവ് വിലയിരുത്താൻ. വിവിധ വിഷയങ്ങളെ അധികരിച്ച നിരവധി കൃതികൾ, ലേഖനങ്ങൾ എന്നിവയും പ്രസിദ്ധീകരിച്ചിട്ടുണ്ട്. നിരവധി പുരസ്ക്കാരങ്ങൾക്കും അദ്ദേഹം അർഹനായിട്ടുണ്ട്. ഇത്തരത്തിൽ പൊതുപ്രവർത്തന രംഗത്തും പാർലമെന്ററി രംഗത്തുമെല്ലാം പ്രതിഭ തെളിയിച്ച മന്ത്രി പി. രാജീവിന്റെ നേതൃത്വത്തിൽ കയർ വ്യവസായവും ഉത്തരോത്തരം അഭിവൃദ്ധിപ്പെടുമെന്ന് നിസംശയം പറയാം.

കേരള ചരിത്രത്തിൽ അത്ഭുതം സൃഷ്ടിച്ചുകൊണ്ട് അധികാരത്തിലേറിയ രണ്ടാം പിണറായി സർക്കാരിന് എല്ലാവിധ ആശംസകളും നേരുവാൻ ഈയവസരം വിനിയോഗിക്കുന്നു

**അഡ്വ. എൻ.സായികുമാർ**
ചീഫ് എഡിറ്റർ




# നവചരിത്രം പിറന്നു; രണ്ടാം പിണറായി സർക്കാർ അധികാരത്തിൽ

## മന്ത്രിസഭയിൽ മൂന്ന് വനിതകളടക്കം 17 പുതുമുഖങ്ങൾ



മലയാളികൾ നെഞ്ചേറ്റിയ തുടർഭരണത്തിൽ പിണറായി വിജയനൊപ്പം ക്യാബിനറ്റിൽ മൂന്ന് വനിതകളടക്കം 17 പുതുമുഖങ്ങൾ. 1957ന് ശേഷം ആദ്യമായാണ് ഇത്രയും പുതുമുഖങ്ങളെ ഉൾപ്പെടുത്തി മന്ത്രിസഭ രൂപീകരിക്കുന്നത്. സ്പീക്കർ എം ബി രാജേഷും നിയമസഭയിൽ കന്നിക്കാരനാണ്. അങ്ങനെ പുതുമകൾകൊണ്ട് ചരിത്രത്തിൽ ഇടംനേടുകയാണ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള രണ്ടാം എൽഡിഎഫ് സർക്കാർ. 21 അംഗ മന്ത്രിസഭയിൽ മുഖ്യമന്ത്രി പിണറായി വിജയൻ, കെ രാധാകൃഷ്ണൻ, കെ കൃഷ്ണൻകുട്ടി, എ കെ ശശീന്ദ്രൻ എന്നിവർ മാത്രമാണ് നേരത്തെ മന്ത്രിമാരായത്. ഇതിൽ കെ കൃഷ്ണൻകുട്ടിയും എ കെ ശശീന്ദ്രനും നിലവിൽ മന്ത്രിമാരാണ്. കെ രാധാകൃഷ്ണൻ ഇ കെ നായനാർ സർക്കാരിൽ മന്ത്രിയും വി എസ് അച്യുതാനന്ദൻ സർക്കാരിൽ സ്പീക്കറുമായിരുന്നു. 17പേരിൽ ഒമ്പതുപേർ നിയമസഭയിൽ തന്നെ ആദ്യമാണ്.

മുഖ്യമന്ത്രിയെ കൂടാതെ 11 പേരാണ് സിപിഐ എമ്മിൽ നിന്ന് മന്ത്രിമാരായത്. ഇതിൽ കെ രാധാകൃഷ്ണൻ ഒഴികെ എം വി ഗോവിന്ദൻ, പി രാജീവ്, കെ എൻ ബാലഗോപാൽ, വി എൻ വാസവൻ, അഡ്വ. മുഹമ്മദ് റിയാസ്, ഡോ. ആർ ബിന്ദു, വി ശിവൻകുട്ടി, സജി ചെറിയാൻ, വീണ ജോർജ്, വി അബ്ദുൾ റഹ്മാൻ എന്നിവർ പുതുമുഖങ്ങൾ. സിപിഐയിലെ കെ രാജൻ നിലവിൽ ചീഫ് വിപ്പായിരുന്നു. പി പ്രസാദ്, ചിഞ്ചുറാണി, ജി ആർ അനിൽ എന്നിവർ നിയമസഭയിലെത്തുന്നതും ആദ്യം. എൽഡിഎഫ് രൂപം കൊണ്ട ശേഷം ആദ്യമായാണ് സിപിഐക്ക് വനിതാ മന്ത്രി.

കേരള കോൺഗ്രസ് അംഗം റോഷി അഗസ്റ്റിൻ, ജനാധിപത്യ കേരള കോൺഗ്രസിലെ ആന്റണി രാജു, ഐഎൻഎല്ലിലെ അഹമ്മദ് ദേവർകോവിൽ എന്നിവരും ആദ്യമായാണ് മന്ത്രിമാരാകുന്നത്.

എം വി ഗോവിന്ദൻ (തളിപ്പറമ്പ്), കെ എൻ ബാലഗോപാൽ (കൊട്ടാരക്കര), പി രാജീവ് (കളമശ്ശേരി), വി എൻ വാസവൻ (ഏറ്റുമാനൂർ), സജി ചെറിയാൻ (ചെങ്ങന്നൂർ), വി ശിവൻകുട്ടി (നേമം), മുഹമ്മദ് റിയാസ് (ബേപ്പൂർ), ഡോ. ആർ ബിന്ദു(ഇരിങ്ങാലക്കുട), വീണ ജോർജ് (ആറന്മുള), വി അബ്ദുറഹ്മാൻ (താനൂർ) എന്നിവരാണ് സി.പി.എം. മന്ത്രിമാർ. തൃത്താലയിൽനിന്ന് വിജയിച്ച എം ബി രാജേഷാണ് സ്പീക്കർ. സിപിഐയുടെ മന്ത്രിമാരായ നാലുപേരും പുതുമുഖങ്ങളാണ്. പി പ്രസാദ് (ചേർത്തല), കെ രാജൻ (ഒല്ലൂർ), ജെ ചിഞ്ചുറാണി (ചടയമംഗലം), ജി ആർ അനിൽ (നെടുമങ്ങാട്). കേരള കോൺഗ്രസ് എമ്മിൽ നിന്നും റോഷി അഗസ്റ്റിൻ (ഇടുക്കി), ഐഎൻഎൽ നിന്നും അഹമ്മദ് ദേവർകോവിൽ, ആന്റണി രാജു (ജനാധിപത്യ കേരള കോൺഗ്രസ്), കെ കൃഷ്ണൻകുട്ടി (ജെഡിഎസ്), എ കെ ശശീന്ദ്രൻ (എൻസിപി) , എന്നിവരും മന്ത്രിമാരായി. ചിറ്റയം ഗോപകുമാർ (അടൂർ) ആണ് ഡെപ്യൂട്ടി സ്പീക്കർ. ഡോ. എൻ ജയ രാജിനെ ചീഫ് വിപ്പായും കേരള കോൺഗ്രസ് എം തീരുമാനിച്ചു.



# തകർക്കാനാവാത്ത അനുഭവക്കരുത്ത്

## പിണറായി വിജയൻ (മുഖ്യമന്ത്രി)

**(മുഖ്യമന്ത്രി, പൊതുഭരണം, ആഭ്യന്തരം, ന്യൂന പക്ഷ ക്ഷേമം, ശാസ്ത്ര-സാങ്കേതിക-പരിസ്ഥിതി, ആസൂത്രണം, മലിനീകരണ നിയന്ത്രണം, ശാസ്ത്ര സ്ഥാപനങ്ങൾ, ഐടി, മെട്രോ റെയിൽ, വിമാനത്താ വളങ്ങൾ, വിജിലൻസ്, ഫയർ ഫോഴ്സ്, ജയിൽ, സൈനിക ക്ഷേമം, അന്തർ നദീജല, ഇൻലന്റ് നാവി ഗേഷൻ, നോർക്ക, അഖിലേന്ത്യസർവ്വീസ്, പ്രവാസി കാര്യം, മറ്റ് മന്ത്രിമാർക്ക് ഇല്ലാത്ത എല്ലാ വകുപ്പും)**

**റൂം നമ്പർ 141, മൂന്നാം നില, നോർത്ത് ബ്ലോക്ക്, ഗവ.സെക്രട്ടറിയേറ്റ്, തിരുവനന്തപുരം**
**0471233241/9447565656,**

**ക്ലിഫ് ഹൗസ്, നന്തൻകോട്, തിരുവനന്തപുരം**

**താ**ഴെത്തട്ടിൽനിന്ന് ത്യാഗപൂർണമായ പ്രവർത്ത നത്തിലൂടെ വിപ്ലവ പ്രസ്ഥാനത്തിന്റെ നായകസ്ഥാന ത്തേക്ക് ഉയർന്നതാണ് പിണറായി വിജയനെന്ന കമ്യൂ ണിസ്റ്റിന്റെ ജീവിതം. എംഎൽഎ, മന്ത്രി, സിപിഐ എം സംസ്ഥാന സെക്രട്ടറി എന്നീ നിലകളിൽ വ്യക്തി മുദ്ര പതിപ്പിച്ചശേഷമാണ് 2016ൽ പിണറായി വിജയൻ കേരളത്തിന്റെ 22-ാമത്തെ മുഖ്യമന്ത്രിയായത്. മികച്ച ഭരണാധികാരിയെന്ന് അടിവരയിട്ട് തെളിയിച്ചശേഷ മാണ് ചരിത്രംകുറിച്ച ഈ രണ്ടാം ദൗത്യം. 1996-98ൽ വൈദ്യുതി മന്ത്രിയായ പിണറായി കേരളത്തിന്റെ വൈ ദ്യുതി പ്രതിസന്ധി പരിഹരിക്കാൻ ചടുലമായ ഇടപെ ടലുകളാണ് നടത്തിയത്. അദ്ദേഹത്തെ മികച്ച മന്ത്രി എന്നാണ് മാധ്യമങ്ങൾ വിശേഷിപ്പിച്ചത്. അടിയന്തരാ വസ്ഥക്കാലത്ത് എം.എൽ.എ ആയിരുന്നിട്ടും കൊടിയ പോലീസ് മർദനവും ജയിൽവാസവും അനുഭവിച്ചു.

1998ൽ പാർട്ടി നേതൃസ്ഥാനത്തേക്ക് വന്നപ്പോൾ അപവാദങ്ങളുടെ ചക്രവ്യൂഹം തീർത്തുകളയാനാണ് രാഷ്ട്രീയ എതിരാളികൾ ശ്രമിച്ചത്. പക്ഷേ, രാഷ്ട്രീയ ശത്രുക്കൾ അന്ന് ഭയന്നതുപോലെ തന്നെ സംഭവിച്ചു. എൽഡിഎഫിന് ഭരണത്തുടർച്ച യാഥാർ ഥ്യമാക്കിയാണ് പിണറായി തലയുയർത്തി നിൽക്കു ന്നത്. ഭാര്യ: കമല വിജയൻ, മകൾ: വീണ വിജയൻ, മകൻ: വിവേക് കിരൺ വിജയൻ.




# സമരത്തീയിൽ ഉരുകിത്തെളിഞ്ഞ വ്യക്തിത്വം


## എം.വി. ഗോവിന്ദൻ

**(തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ്, നഗരാസൂത്രണം, കില)**

**റൂം നമ്പർ 501, അഞ്ചാം നില, അനക്സ് 1, ഗവ. സെക്രട്ടറിയേറ്റ്, തിരുവനന്തപുരം**
**04712332700/9400099111.**
**നെസ്റ്റ്, , ക്ലിഫ് ഹൗസ് കോമ്പൗണ്ട്, നന്തൻകോട്, തിരുവനന്തപുരം**


സാമ്രാജ്യത്വ ശക്തികൾക്കെതിരായ കർഷക പോരാട്ടത്തിന്റെ മണ്ണായ മോറാഴയിൽ നിന്നും സി പിഐ എം കേന്ദ്രകമ്മറ്റിയിലേക്ക് ഉയർന്ന എം.വി ഗോവിന്ദൻ കേരള മന്ത്രിസഭയിലേക്ക് എത്തുമ്പോൾ അരനൂറ്റാണ്ട് കാലത്തെ തെളിമയാർന്ന പൊതുപ്രവർത്തനത്തിലെ അനുഭവസമ്പത്താണ് മുതൽകൂട്ടാവുന്നത്. വളരെ ചെറുപ്പത്തിൽ തന്നെ ബാലസംഘം, ഗ്രന്ഥശാലാ പ്രസ്ഥാനം എന്നിവയുടെ ഭാഗമായി . കെ എസ് എഫിന്റെ ജില്ലാ ഭാരവാഹിയായിരുന്നു. കെ എസ് വൈ എഫ് രൂപീകരിച്ചപ്പോൾ നേതൃത്വത്തിലേക്ക് ഉയർന്നു. ഡി വൈ എഫ് ഐയുടെ സ്ഥാപക നേതാക്കളിൽ ഒരാളാണ്. അഖിലേന്ത്യാ പ്രിപ്പറേറ്ററി കമ്മറ്റി അംഗവും കേന്ദ്ര കമ്മറ്റി അംഗവുമായിരുന്നു. ഡി വൈ എഫ് ഐയുടെ സംസ്ഥാന സെക്രട്ടറിയായും പ്രസിഡന്റായും പ്രവർത്തിച്ചു. അടിയന്തരാവസ്ഥയ്ക്കെതിരായ പ്രക്ഷോഭങ്ങളിൽ ഉരുകിതെളിഞ്ഞ കമ്യൂണിസ്റ്റാണ്. കൊടിയ പൊലീസ് മർദ്ദനത്തിനിരയായി. നാല് മാസം ജയിലിലുമായി. നേരത്തെ പത്തുവർഷം എം എൽ എയായി പാർലമെന്ററി രംഗത്ത് കഴിവ് തെളിയിച്ചിട്ടുണ്ട്. തളിപ്പറമ്പ് നിയമസഭാ മണ്ഡലത്തിൽ നിന്ന് തിളക്കമാർന്ന വിജയം കരസ്ഥമാക്കിയാണ് പതിനഞ്ചാം കേരള നിയമസഭയിലേക്ക് എത്തിയത്.

1969ൽ പാർട്ടി അംഗമായി. 1980കളുടെ ആദ്യപകുതിയിൽ അവിഭക്ത കണ്ണൂർ ജില്ലയിലെ കാസർകോട് താലൂക്ക് സെക്രട്ടറിയായി. കണ്ണൂർ,എറണാകുളം ജില്ലകളിൽ സിപിഎം ജില്ലാ സെക്രട്ടറിയായി പ്രവർത്തിച്ച ഇദ്ദേഹം 2006ൽ സിപിഐ എം സംസ്ഥാന സെക്രട്ടറിയേറ്റിലും 2018ൽ കേന്ദ്രകമ്മറ്റിയിലേക്കും തെരഞ്ഞെടുക്കപ്പെട്ടു. തളിപ്പറമ്പ് പരിയാരം ഇരിങ്ങൽ യുപി സ്കൂളിൽ കായികാധ്യാപകനായിരിക്കേ രാഷ്ട്രീയ രംഗത്ത് സജീവമായതോടെ ജോലിയിൽ നിന്ന് സ്വയം വിരമിച്ചു. 1986ൽ മോസ്കോ ലോക യുവജന സമ്മേളനത്തിൽ പങ്കെടുത്തിരുന്നു. കേരള സ്റ്റേറ്റ് കർഷക തൊഴിലാളി യൂണിയന്റെ സംസ്ഥാന പ്രസിഡന്റായ എം വി ഗോവിന്ദൻ നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കുവാനുള്ള പോരാട്ടത്തെ മുന്നിൽ നിന്ന് നയിച്ചു. ആൾ ഇന്ത്യ അഗ്രികൾച്ചറൽ വർക്കേഴ്സ് യൂണിയൻ ദേശീയ വൈസ് പ്രസിഡന്റുമാണ്. സിപിഐഎംന്റെ സൈദ്ധാന്തികനും ഇ എം എസ് അക്കാദമിയുടെ ചുമതലക്കാരനുമാണ്. മാർക്സിസ്റ്റ് സംവാദത്തിന്റെ എഡിറ്ററും ദേശാഭിമാനി ചീഫ് എഡിറ്ററുമായിരുന്നു. കർഷക തൊഴിലാളി മാസികയുടെ ചീഫ് എഡിറ്ററാണ്.

വൈരുദ്ധ്യാത്മക ഭൗതികവാദം ഇന്ത്യൻ ദർശനത്തിൽ, സ്വത്വരാഷ്ട്രീയത്തെ പറ്റി, ചൈനീസ് ഡയറി, യുവജനപ്രസ്ഥാനത്തിന്റെ ചരിത്രം, ആശയ സമരങ്ങളുടെ പശ്ചാത്തലത്തിൽ, കർഷക തൊഴിലാളി യൂണിയൻ ചരിത്രവും വർത്തമാനവും, കാടുകയറുന്ന ഇന്ത്യൻ മാവോവാദം എന്നീ പുസ്തകങ്ങളും രചിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ മൊറാഴയിലെ പരേതരായ കെ കുഞ്ഞമ്പുവിന്റെയും എം വി മാധവിയമ്മയുടെയും മകനാണ്. സിപിഐ എം കണ്ണൂർ ജില്ലാ കമ്മറ്റി അംഗമായ ഭാര്യ പി കെ ശ്യാമളയും മക്കളായ ശ്യാംജിത്തും രംഗീതും മരുമകൾ സിനിയും പേരക്കുട്ടി വിഥാർത്ഥും ഉൾപ്പെടുന്നതാണ് എം വി ഗോവിന്ദന്റെ കുടുംബം.


# മണ്ണറിയുന്ന, മനസറിയുന്ന ജനനേതാവ്

## കെ. രാധാകൃഷ്ണൻ

**(പട്ടികജാതി, പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമം, ദേവസ്വം, പാർലമെന്ററികാര്യം)**

**റൂം നമ്പർ 118, ഒന്നാം നില, നോർത്ത് ബ്ലോക്ക്, ഗവ.സെക്രട്ടറിയേറ്റ്, തിരുവനന്തപുരം**
**04712333849/9400099555**

**എസ്സെൻഡൻസ്, ക്ലിഫ് ഹൗസ് കോമ്പൗണ്ട്, നന്തൻകോട്, തിരുവനന്തപുരം**



**ചേ**ലക്കരയിൽ വികസനത്തിന്റെ മായാജാലം സൃഷ്ടിച്ച കെ. രാധാകൃഷ്ണൻ വീണ്ടും സംസ്ഥാന മന്ത്രി സഭയിലേക്ക്. രണ്ടാംതവണയാണ് മന്ത്രിയാവുന്നത്. സിപിഐ എം കേന്ദ്രകമ്മിറ്റി അംഗമായ കെ. രാധാകൃഷ്ണൻ അഞ്ചാം തവണയാണ് ചേലക്കരയിൽനിന്ന് നിയമസഭയിലേക്കെത്തുന്നത്. 1996–ലാണ് ആദ്യമായി ചേലക്കരയിൽ നിന്നും നിയമസഭാംഗമാവുന്നത്. അന്ന് നായനാർ മന്ത്രിസഭയിൽ പട്ടികജാതി–പട്ടികവർഗക്ഷേമ വകുപ്പ് മന്ത്രിയായി. 2001, 2006, 2011 തെരഞ്ഞെടുപ്പുകളിലും ചേലക്കരയിൽ നിന്നും വൻഭൂരിപക്ഷത്തോടെ തെരഞ്ഞെടുക്കപ്പെട്ടു. 2001 പ്രതിപക്ഷത്തിന്റെ ചീഫ് വിപ്പായി. 2006ൽ നിയമസഭാ സ്പീക്കറായി 2011ൽ വീണ്ടും ചേലക്കരയിൽ നിന്നും വിജയിച്ചു. 2016ലെ തെരഞ്ഞെടുപ്പിൽ രാധാകൃഷ്ണൻ മൽസരിച്ചില്ല. സംഘടനരംഗത്ത് സജീവമായ രാധാകൃഷ്ണൻ സിപിഐ എം ജില്ലാ സെക്രട്ടറിയായി. തുടർന്ന് സിപിഐ എം കേന്ദ്രകമ്മിറ്റി അംഗമായ രാധാകൃഷ്ണൻ ദളിത്ശോഷൻ മുക്തി മഞ്ചിന്റ അഖിലേന്ത്യാ പ്രസിഡണ്ടായും പ്രവർത്തിച്ചു. എസ്എഫ്ഐയിലൂടെ പൊതുരംഗത്ത് വന്ന അദ്ദേഹം തൃശൂർ കേരളവർമ കോളേജിലെ ബിരുദ പഠനത്തിനുശേഷം മുഴുവൻ സമയ രാഷ്ട്രീയ പ്രവർത്തകനായി. പ്രീ ഡിഗ്രിബോർഡ് സമരത്തിനിടെ തൃശൂർ നഗരത്തിൽ കെ രാധാകൃഷ്ണനടക്കം രണ്ടുപേർ നഗരം സ്തംഭിപ്പിച്ചു. പൊലീസ് എത്തി ഭീകര ലാത്തിപ്രയോഗം നടത്തി. അന്ന് തോളെല്ലിന് പരിക്കേറ്റതിന്റെ വേദന ഇന്നും നിലിനിൽക്കുന്നുണ്ട്. ഡിവൈഎഫ്ഐ സംസ്ഥാന കമ്മിറ്റി അംഗമായിരുന്നു. കഷ്ടപ്പാടുകളുടെ ബാല്യകൗമാരങ്ങളോട് പൊരുതി പൊതുരംഗത്ത് ഉറച്ചു നിന്ന രാധാകൃഷ്ണൻ 1982ൽ സിപിഐ എം അംഗമായി. 1986ൽ ചേലക്കര ലോക്കൽ കമ്മിറ്റി അംഗം, 1991ൽ ചേലക്കര ഏരിയ കമ്മിറ്റി അംഗം, 2002ൽ തൃശൂർ ജില്ലാ കമ്മിറ്റി അംഗമായി. 2008ൽ സംസ്ഥാന കമ്മിറ്റി അംഗവും 2018ൽ കേന്ദ്രകമ്മിറ്റി അംഗവുമായി. 1991ൽ വള്ളത്തോൾ നഗർ ഡിവിഷനിൽ നിന്നും ആദ്യ ജില്ലാ കൗൺസിലിലേക്ക് തെരഞ്ഞെടുക്കപ്പെട്ട് പാർലമെന്ററി ജീവിതത്തിന് തുടക്കംകുറിച്ചു. തോന്നൂർക്കര യുപി സ്കൂൾ, ചേലക്കര എസ്എംടിഎച്ച്എസ്, വടക്കാഞ്ചേരി വ്യാസ എൻഎസ്എസ് കോളേജ്, തൃശൂർ കേരളവർമ കോളേജ് എന്നിവിടങ്ങളിലാണ് വിദ്യാഭ്യാസം. ചേലക്കര തോന്നൂർക്കര വടക്കേവളപ്പിൽ കൊച്ചുണ്ണിയുടെയും ചിന്നയുടെയും മകനായ രാധാകൃഷ്ണൻ അവിവാഹിതനാണ്. ഇടുക്കി ജില്ലയിലെ പുള്ളിക്കാനത്ത് തോട്ടം തൊഴിലാളിയായിരുന്നു അച്ഛൻ കൊച്ചുണ്ണി. ചേലക്കര തോന്നൂർക്കരയിൽ അമ്മ ചിന്നയോടൊപ്പമാണ് താമസം.








# ജനകീയ പ്രക്ഷോഭങ്ങളുടെ മുന്നണിപ്പോരാളി

## കെ.എൻ. ബാലഗോപാൽ

**(ധനകാര്യം, ട്രഷറി, ദേശീയ സമ്പാദ്യം. ഓഡിറ്റ്, സ്റ്റോർ പർച്ചേഴ്സ്, നികുതി, ലോട്ടറി, കെ.എസ്.എ ഫ്.ഇ, ഇൻഷ്വറൻസ്, കെ..എഫ്.സി, സ്റ്റാമ്പ് ആന്റ് സ്റ്റാമ്പ് ഡ്യൂട്ടീസ്)**

**റൂം നമ്പർ 130, രണ്ടാം നില, നോർത്ത് ബ്ലോക്ക്,ഗവ.സെക്രട്ടറിയേറ്റ്,തിരുവനന്തപുരം**
**04712333294/9400887700**

**പൗർണമി, ക്ലിഫ് ഹൗസ് കോമ്പൗണ്ട്, നന്തൻകോട്, തിരുവനന്തപുരം**

**2010**ൽ രാജ്യസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ബാലഗോപാൽ സഭയിലെ സിപിഐ എം ഉപനേതാവുമായിരുന്നു. 2016ൽ രാജ്യത്തെ മികച്ച പാർലമെന്റംഗത്തിനുള്ള സൻസദ് രത്ന പുരസ്കാരം ലഭിച്ചു. വിദ്യാർഥി നേതാവായിരിക്കെ ക്രൂരമായ പൊലീസ് മർദനത്തിനു വിധേയനായി. വിദ്യാഭ്യാസക്കച്ചവടത്തിനെതിരെ കാസർകോട് മുതൽ തിരുവനന്തപുരം വരെ നീളുന്ന കാൽനട ജാഥയ്ക്ക് നേതൃത്വം നൽകി. കർഷകസംഘം സംസ്ഥാന സെക്രട്ടറിയായ ബാലഗോപാൽ കർഷക നിയമങ്ങൾക്കെതിരെ ഡൽഹിയിലും വടക്കേ ഇന്ത്യയിലും നടന്ന പ്രക്ഷോഭങ്ങളുടെ മുന്നണി പ്പോരാളിയുമായി.

നിയമത്തിൽ ബിരുദാനന്തര ബിരുദധാരി, സിപി.എം മുൻ കൊല്ലം ജില്ലാ സെക്രട്ടറിയാണ്. നിലവിൽ സി.പി.എം സംസ്ഥാന സെക്രട്ടറിയേറ്റ് അംഗമാണ്. എസ്.എഫ്.ഐയുടെയും ഡി.വൈ.എഫ്.ഐയുടെയും ദേശീയ പ്രസിഡന്റായിരുന്ന ബാലഗോപാൽ മുഖ്യമന്ത്രിയായിരുന്ന വി.എസ്. അച്യുതാനന്ദന്റെ പൊളിറ്റിക്കൽ സെക്രട്ടറിയുമായിരുന്നു. ഭാര്യ: ആഷ, മക്കൾ: കല്യാണി, ശ്രീഹരി

# കനൽവഴികൾ പിന്നിട്ട കരുത്തിന്റെ തലപ്പൊക്കം

## പി. രാജീവ്

**(വ്യവസായം, നിയമം, കയർ, കശുവണ്ടി വ്യവസായം)**

**റൂം നമ്പർ 216, മൂന്നാം നില, നോർത്ത് സാൻവിച്ച് ബ്ലോക്ക്, ഗവ.സെക്രട്ടറിയേറ്റ്, തിരുവനന്തപുരം**
**04712336866/9400077333**

**ഉഷസ്, നന്തൻകോട്, തിരുവനന്തപുരം**

**അ**ഴിമതിയുടെ കളങ്കം മായ്ച്ച് കളമശ്ശേരി സമ്മാനിച്ച മഹാവിജയത്തിന്റെ ശോഭയിൽ പി. രാജീവ് എൽ.ഡി.എഫ് മന്ത്രിസഭയിൽ. യു.ഡി.എഫിനെ മാത്രം തുണച്ചുപോന്ന കളമശേരി മണ്ഡലത്തിന്റെ രാഷ്ട്രീയചരിത്രം തിരുത്തി നേടിയ കന്നിവിജയത്തിലൂടെ രാജീവിന്റെ മന്ത്രിസഭാപ്രവേശത്തിന് തിളക്കമേറെ. സംഘടനാരംഗത്തും പാർലമെന്ററിരംഗത്തും കഴിവ് തെളിയിച്ച അമ്പത്തിരണ്ടുകാരൻ രാഷ്ട്രീയജീവിതത്തിലൂടെ താണ്ടിയത് സമരപൂർണവും ത്യാഗോജ്വലവുമായ കനൽപ്പാതകൾ. സംസ്ഥാനശ്രദ്ധ നേടിയ പോരാട്ടമായിരുന്നു കളമശേരിയിലേത്. മണ്ഡലം രൂപീകരണശേഷം രണ്ടുവട്ടവും മുൻമന്ത്രി വി.കെ. ഇബ്രാഹിംകുഞ്ഞിനെ വിജയിപ്പിച്ച കളമശേരി. പാലാരിവട്ടം പാലം നിർമാണ അഴിമതിമുതൽ അനധികൃത സ്വത്തുസമ്പാദന കേസിൽ വരെ പ്രതിയായ ഇബ്രാഹിംകുഞ്ഞിന് സീറ്റ് നിഷേധി




ച്ചപ്പോൾ, മകനെ സ്ഥാനാർഥിയാക്കി മണ്ഡലം നിലനിർത്താൻ യു.ഡി.എഫ് നീക്കം. അഴിമതിക്കെതിരെ പോരാട്ടം പ്രഖ്യാപിച്ച് എൽ.ഡി.എഫ് രാജീവിനെ സ്ഥാനാർഥിയാക്കിയതോടെ കളമശേരിയിലെ മത്സരത്തിന്റെ സ്വഭാവം മാറി. അഴിമതിയുടെ പിന്തുടർച്ചയ്ക്കോ സംശുദ്ധരാഷ്ട്രീയത്തിനോ വോട്ട് എന്നതായി പ്രധാന ചോദ്യം.

മൂന്നരപ്പതിറ്റാണ്ടിലേറെയായി എറണാകുളം ജില്ലയിൽ പ്രവർത്തിക്കുന്ന രാജീവ്, അതിവേഗം മണ്ഡലത്തിന്റെ ഹൃദയം കവർന്നു. കണക്കില്ലാതെ പണമൊഴുക്കിയും എൽ.ഡി.എഫിനും രാജീവിനുമെതിരെ ഇല്ലാക്കഥകൾ പ്രചരിപ്പിച്ചും ജനവിധി അട്ടിമറിക്കാൻ യു.ഡി.എഫ് ശ്രമിച്ചിട്ടും മണ്ഡലചരിത്രത്തിലെ ഏറ്റവും വലിയ ഭൂരിപക്ഷത്തിൽ കളമശേരി രാജീവിനെ തെരഞ്ഞെടുത്തു. 15,336 വോട്ടിന്റെ ഭൂരിപക്ഷം.

കൂത്തുപറമ്പ് വെടിവയ്പുദിവസം വൈകിട്ട് എറണാകുളത്ത് വിദ്യാർഥികളുടെ പ്രതിഷേധത്തിനിടെ അന്നത്തെ മുഖ്യമന്ത്രി കെ. കരുണാകരനെ കരിങ്കൊടി കാണിച്ചതിന് പൊലീസിന്റെ കൊടിയ മർദനം രാജീവിന് ഏറ്റുവാങ്ങേണ്ടിവന്നു. പിറ്റേന്ന് പത്രങ്ങളിൽ അച്ചടിച്ചുവന്ന ചിത്രം വിദ്യാർഥിവേട്ടയുടെ ആഴം പ്രതിഫലിപ്പിക്കുന്നതായിരുന്നു. മർദനമേറ്റു മൃതപ്രായനായ രാജീവിനെ രണ്ട് പൊലീസുകാർ ചേർന്ന് ഉന്തിയും തള്ളിയും കൊണ്ടുപോകുന്ന ചിത്രമായിരുന്നു അത്.

കെ. കരുണാകരൻ അബാദ്പ്ലാസയിൽ നേത്രരോഗ ചികിത്സകരുടെ സമ്മേളനം ഉദ്ഘാടനം ചെയ്യാൻ വരുന്നതറിഞ്ഞാണ് എസ്.എഫ്.ഐ കരിങ്കൊടിപ്രതിഷേധത്തിന് എത്തിയത്.

മുഖ്യമന്ത്രിയുടെ വാഹനമെത്തിയപ്പോൾ വിദ്യാർഥികൾ മുദ്രാവാക്യം വിളികളോടെ കരിങ്കൊടിയുമായി മുന്നിലേക്ക് ചാടി. പിന്നീട് പൊലീസിന്റെ നരനായാട്ടായിരുന്നു എം.ജി. റോഡിൽ. നടുറോഡിൽ രാജീവിനെയും മറ്റു പ്രവർത്തകരെയും വളഞ്ഞിട്ടുതല്ലി. ഷർട്ടും മുണ്ടും വലിച്ചുകീറി. മർദനമേറ്റ് രാജീവിന്റെ വാരിയെല്ല് ഒടിഞ്ഞു. കാൽവെള്ളയിലൂടെ ചോര വാർന്നൊഴുകുമ്പോഴും മുദ്രാവാക്യം മുഴക്കിയ രാജീവിനെ വലിച്ചിഴച്ചാണ് പൊലീസ് സ്റ്റേഷനിലേക്ക് കൊണ്ടുപോയത്. സ്റ്റേഷനിൽ കൊണ്ടുവന്നശേഷവും മർദനമേറ്റു. അപ്പോൾ എസ്.എഫ്.ഐയുടെ എറണാകുളം ജില്ലാ സെക്രട്ടറിയായിരുന്നു രാജീവ്.

സി.പി.എം എറണാകുളം മുൻ ജില്ലാസെക്രട്ടറി, എസ്.എഫ്.ഐ പ്രസിഡന്റ്, സെക്രട്ടറി, ദേശാഭിമാനി ചീഫ് എഡിറ്റർ എന്നീ നിലകളിൽ പ്രവർത്തിച്ചു. നിലവിൽ സി.പി.എം സംസ്ഥാന സെക്രട്ടറിയേറ്റ് അംഗമാണ്. 2009ൽ രാജ്യസഭാംഗമായി. രാജ്യസഭാ അംഗമെന്ന നിലയിൽ എല്ലാവരുടേയും പ്രശംസ പിടിച്ചുപറ്റുന്ന പ്രവർത്തനങ്ങൾ കാഴ്ചവച്ചു. കുസാറ്റ് ലീഗൽ സ്റ്റഡീസ് അസി. പ്രൊഫസർ വാണി കേസരിയാണ് ഭാര്യ. മക്കൾ: ഹൃദ്യ രാജീവ്, ഹരിത രാജീവ്.





# ആലപ്പുഴയുടെ സ്വന്തം മന്ത്രി

## സജി ചെറിയാൻ

**(ഫിഷറീസ്, ഹാർബർ എൻജിനിയറിംഗ്, സാംസ്കാരികം, ചലചിത്രവികസന കോർപ്പ റേഷൻ, യുവജനകാര്യം)**

**🏛 റൂം നമ്പർ 401, നാലാം നില, അനക്സ് 1, ഗവ. സെക്രട്ടറിയേറ്റ്, തിരുവനന്തപുരം**
**04712327796/9400003800**
**🏠 കവടിയാർ, വെള്ളയമ്പലം, തിരുവനന്തപുരം**

**ചെ**ങ്ങന്നൂരിൽ നിന്ന് 32,093 വോട്ടുകൾക്കാണ് സജി ചെറിയാന്റെ ജയം. റിട്ട. സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ കൊഴുവല്ലൂർ തെങ്ങുംതറയിൽ പരേതനായ ടി.ടി. ചെറിയാന്റെയും റിട്ട. പ്രഥമാധ്യാപിക ശോശാമ്മ ചെറിയാന്റെയും മകൻ. 56–കാരൻ.

1978–ൽ എട്ടാം ക്ലാസിൽ പഠിക്കുമ്പോൾ എസ്.എഫ്.ഐ.യിലൂടെ വിദ്യാർഥിരാഷ്ട്രീയത്തിൽ പ്രവേശിച്ചു. 25 വർഷത്തെ കെ.എസ്.യു. ഭരണം അവസാനിപ്പിച്ചു മാവേലിക്കര ബിഷപ്പ്മൂർ കോളേജിൽ യൂണിവേഴ്സിറ്റി യൂണിയൻ കൗൺസിലറായി. തിരുവനന്തപുരം ലോ-അക്കാദമി ലോ-കോളേജിൽനിന്ന് നിയമവിദ്യാഭ്യാസം. 1980–ൽ സി.പി.എം. അംഗമായി. എസ്.എഫ്.ഐ. ജില്ലാപ്രസിഡന്റ്, ജില്ലാസെക്രട്ടറി, ഡി.വൈ.എഫ്.ഐ. ജില്ലാപ്രസിഡന്റ്, സെക്രട്ടറി, സി.ഐ.ടി.യു. ജില്ലാപ്രസിഡന്റ്, സ്പോർട്സ് കൗൺസിൽ ജില്ലാപ്രസിഡന്റ്, ജില്ലാ സഹകരണബാങ്ക് പ്രസിഡന്റ്, സംസ്ഥാന സഹകരണബാങ്ക് എക്സിക്യുട്ടീവ് കമ്മിറ്റിയംഗം തുടങ്ങിയ നിലകളിൽ പ്രവർത്തിച്ചു. സി.പി.എം. നേതാവ് എന്നതിനോടൊപ്പം കരുണ പെയിൻ ആൻഡ് പാലിയേറ്റീവ് സൊസൈറ്റി ചെയർമാൻ എന്നനിലയിലാണ് ചെങ്ങന്നൂരിൽ ജനകീയ അടിത്തറ വിപുലപ്പെടുത്തിയത്.




2018–ൽ ചെങ്ങന്നൂരിൽ നടന്ന ഉപതിരഞ്ഞെടുപ്പിൽ എം.എൽ.എ. ആയി. സി.പി.എം. ചെങ്ങന്നൂർ ഏരിയ സെക്രട്ടറി, ജില്ലാസെക്രട്ടറി എന്നീനിലകളിൽ പ്രവർത്തിച്ചു. സംസ്ഥാന കമ്മിറ്റി അംഗവുമാണ്.

ഭാര്യ: ക്രിസ്റ്റീന. മക്കൾ: ഡോ. നിത്യ, ഡോ. ദൃശ്യ, ശ്രവ്യ(എം.ബി.ബി.എസ്. വിദ്യാർഥിനി). മരുമക്കൾ: അലൻ, ജസ്റ്റിൻ.

---

# മികച്ച സഹകാരി, കോട്ടയത്തിന്റെ അഭിമാനം

## വി.എൻ. വാസവൻ

**(സഹകരണം, രജിസ്ട്രേഷൻ)**

**🏛 റൂം നമ്പർ 397, ഒന്നാം നില, മെയിൻ ബ്ലോക്ക്, ഗവ.സെക്രട്ടറിയേറ്റ്, തിരുവനന്തപുരം**
**0471–2333833/9400008300**

**🏠 ഗംഗ, കന്റോൺമെന്റ് ഹൗസ് കോമ്പൗണ്ട്, പാളയം, തിരുവനന്തപുരം**

**ഏ**റ്റുമാനൂരിൽ നിന്ന് 14,303 വോട്ടിനാണ് വി.എൻ. വാസവന്റെ ജയം. പന്ത്രണ്ടാം നിയമസഭയിൽ കോട്ടയത്തുനിന്നും തിരഞ്ഞെടുക്കപ്പെട്ടു.

സി.പി.എം. സംസ്ഥാന കമ്മിറ്റി അംഗം. സി.പി.എം മുൻ കോട്ടയം ജില്ലാ സെക്രട്ടറി, റബ്കോ ചെയർമാൻ, കോട്ടയം ജില്ലാ സഹകരണ ബാങ്ക് പ്രസിഡന്റ് സംസ്ഥാന സഹകരണ ബാങ്ക് ഡയറക്ടർ, കാലടി സംസ്കൃത സർവകലാശാല സിൻഡിക്കേറ്റ് അംഗം, നവലോകം കൾച്ചറൽ സെന്റർ-പ്രസിഡന്റ്, പാമ്പാടി റേഞ്ച് ടോഡി വർക്കേഴ്സ് യൂണിയൻ-ജനറൽ സെക്രട്ടറി, ക്യാപ്റ്റൻ ലക്ഷ്മി ചാരിറ്റബിൾ സൊസൈറ്റി - പ്രസിഡന്റ്, സി.ഐ.ടി.യു ജില്ലാ സെക്രട്ടറി, ഡി.വൈ.എഫ്.ഐ. സംസ്ഥാന ജോയിന്റ് സെക്രട്ടറി



കോട്ടയം ജില്ലാ ലൈബ്രറി കൗൺസിൽ ജനറൽ സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. മൂന്ന് വട്ടം പഞ്ചായത്തംഗമായി തിരഞ്ഞെടുക്കപ്പെട്ടു. ഭാര്യ: ഗീത, മക്കൾ: ഹിമ, ഗ്രീഷ്മ.




# ജീവിതം സമരഭരിതം


## വി. ശിവൻകുട്ടി

**(പൊതുവിദ്യാഭ്യാസം, തൊഴിൽ, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ്, ഇൻഡസ്ട്രീയൽ ട്രൈബ്യൂണൽ, എംപ്ലോയ്മെന്റ് ആന്റ് ട്രയിനിംഗ്, സാക്ഷരതാ മിഷൻ, ഇൻഷ്വുറൻസ് മെഡിക്കൽ സർവ്വീസ്, ലേബർ കോടതികൾ)**

**റൂം നമ്പർ 201, രണ്ടാം നില, അനക്സ് 2, ഗവ. സെക്രട്ടറിയേറ്റ്, തിരുവനന്തപുരം**
**04712327560/9400009100**

**റോസ് ഹൗസ്, വഴുതക്കാട്, തിരുവനന്തപുരം**


സംഘാടകനായാലും ഭരണാധികാരിയായാലും വി. ശിവൻകുട്ടിയിലെ സമരഭരിത മനസ്സിനെ അടക്കിനിർത്താനാകില്ല. ഓരോ അവസരവും പാവപ്പെട്ടവർക്കും തൊഴിലാളികൾക്കും കൈത്താങ്ങാകാൻ ഉപയോഗിച്ച പൊതുജീവിതം. നാടിന് മികച്ച ഭരണാധികാരി, നിയമലംഘകർക്ക് കടുത്ത പ്രതിയോഗി. തൊഴിലാളികൾക്ക് പ്രിയനേതാവ്. ശിവൻകുട്ടിയുടെ ഈ നിഷ്കളങ്ക നിലപാട് പലപ്പോഴും പലരെയും തെറ്റിദ്ധരിപ്പിച്ചിട്ടുണ്ട്. രാഷ്ട്രീയ പ്രതിയോഗികൾ അടിക്കാനുള്ള വടിയായും ഉപയോഗിച്ചിട്ടുണ്ട്. നാടിന്റെ പൊതുസ്വത്ത് കവർന്നെടുക്കാൻ ശ്രമിച്ച ശക്തികൾക്കെതിരായ പോരാട്ടത്തിൽ ശാന്തനായ ശിവൻകുട്ടിയെയല്ല, മറിച്ച് വധഭീഷണിക്കുപോലും കൂസാത്ത ഇച്ഛാശക്തിയുള്ള ഭരണാധികാരിയെയാണ് ജനം കണ്ടിട്ടുള്ളത്.

എസ്.എഫ്.ഐ ജില്ലാ പ്രസിഡന്റ്, അഖിലേന്ത്യാ ജോയിന്റ് സെക്രട്ടറി തുടങ്ങിയ ചുമതലകൾ വഹിച്ചു. തലസ്ഥാനത്തെ ഒട്ടേറെ പ്രക്ഷോഭങ്ങളുടെ നായകനായി. പലവട്ടം ജയിലിലും അടയ്ക്കപ്പെട്ടു. കേരള സർവകലാശാലാ സെനറ്റ് അംഗമായി 18 വർഷം പ്രവർത്തിച്ചു. കലാ, കായിക മേഖലയിലും മികച്ച സംഘാടകനാണ്. ശിവൻകുട്ടി ജനറൽ കൺവീനറായാണ് ഇന്റർ യൂണിവേഴ്സിറ്റി യൂത്ത് ഫെസ്റ്റിവൽ സംസ്ഥാനത്ത് ആദ്യമായി നടപ്പാക്കുന്നത്. ജില്ലാ ഫുട്ബോൾ അസോസിയേഷൻ പ്രസിഡന്റ്, സംസ്ഥാന കാരംസ് അസോസിയേഷൻ പ്രസിഡന്റ്, കേരള മൗണ്ടനിയറിംഗ് അസോസിയേഷൻ പേട്രൺ തുടങ്ങിയ ചുമതലകളും നിറവേറ്റുന്നു.

സി.പി.ഐ.എം. സംസ്ഥാന കമ്മിറ്റി അംഗമായ വി. ശിവൻകുട്ടിയുടെ പ്രധാന പ്രവർത്തനമേഖല തൊഴിലാളി സംഘടനാ രംഗമാണ്. സി.ഐ.റ്റി.യു സംസ്ഥാന സെക്രട്ടറിയായും ജില്ലാ ജനറൽ സെക്രട്ടറിയായും പ്രവർത്തിക്കുന്ന ഇദ്ദേഹം ജില്ലയിലെ വിവിധ യൂണിയനുകളുടെ നേതാവാണ്. മാർക്സിസ്റ്റ് സൈദ്ധാന്തികനായിരുന്ന പി. ഗോവിന്ദപിള്ളയുടെ മകൾ ആർ. പാർവതീദേവീയാണ് ഭാര്യ. മകൻ: ഗോവിന്ദ് ശിവൻ.

കിലെ ചെയർമാനും ടൈറ്റാനിയം കമ്പനി ഡയറക്ടർ ബോർഡംഗവുമായിരുന്നു. ശിവൻകുട്ടി പ്രസിഡന്റായിരിക്കുമ്പോഴാണ് ഉള്ളൂർ പഞ്ചായത്ത് ജില്ലയിൽ ഒന്നാംസ്ഥാനത്തെത്തിയത്. ആക്കുളം ടൂറിസ്റ്റ് കേന്ദ്രത്തിന് തുടക്കമിട്ടു. തലസ്ഥാന മേയർ എന്ന നിലയിലും ശ്രദ്ധേയനായി. 'ക്ലീൻ സിറ്റി-ഗ്രീൻ സിറ്റി' ഉൾപ്പെടെ ശുചിത്വ പദ്ധതികൾ, ശംഖുംമുഖം തെക്കേകൊട്ടാരം അടക്കം പൊതുസ്വത്തുക്കൾ തിരിച്ചുപിടിക്കൽ, തൃക്കണ്ണാപുരം ശുദ്ധജലപദ്ധതി, രാജ്യത്ത് ആദ്യമായി സ്കൂൾ കുട്ടികൾക്ക് സൗജന്യ പാൽ വിതരണം, വിവിധ സ്കൂളുകൾക്ക് പുതിയ കെട്ടിടം, നഗരസഭയുടെ കമ്പ്യൂട്ടർ പരിശീലനകേന്ദ്രം, ഫ്രണ്ട്സ് ജനസേവനകേന്ദ്രം തുടങ്ങിയവയെല്ലാം പുതുമയായി. രാജ്യത്ത് ആദ്യമായി നഗരസഭയിൽ കൂറുമാറ്റ, കാലുമാറ്റനിയമം നടപ്പാക്കി. എം.എൽ.എ എന്ന നിലയിലുള്ള പ്രവർത്തനങ്ങളിൽ പലതും സംസ്ഥാന ശ്രദ്ധ ആകർഷിച്ചു. 23 വർഷമായി മുടങ്ങിയിരുന്ന ജി.വി. രാജ ഫുട്ബാൾ ടൂർണമെന്റ് പുനരാരംഭിച്ചു. ആറ്റുകാൽ ടൗൺഷിപ്പ് പദ്ധതി, സ്കൂളിൽ നീന്തൽ പരിശീലനത്തിന് കുളം തുടങ്ങിയവ ചിലതു മാത്രം. കിലെ ചെയർമാൻ എന്നനിലയിൽ, തൊഴിലാളികളുടെ മക്കൾക്കായി തലസ്ഥാനത്ത് ഐ.എ.എസ് അക്കാദമിക്കും തുടക്കമിട്ടു.



# ബേപ്പൂരിന്റെ യുവ സുൽത്താൻ

## അഡ്വ. പി.എ. മുഹമ്മദ് റിയാസ്

**(പൊതുമരാമത്ത്, ടൂറിസം)**

**റൂം നമ്പർ 601, ആറാം നില, അനക്സ് 2, ഗവ. സെക്രട്ടറിയേറ്റ്, തിരുവനന്തപുരം**
**04712333960/9400055111**

**പമ്പ, , ക്ലിഫ് ഹൗസ് കോമ്പൗണ്ട്, നന്തൻകോട്, തിരുവനന്തപുരം**

വൻ ഭൂരിപക്ഷത്തിന് ബേപ്പൂർ മണ്ഡലം നിയമസഭയിലെത്തിച്ച യുവ നേതാവ് ഇനി നാടിന്റെ മന്ത്രി. രണ്ടാം പിണറായി സർക്കാരിന്റെ മന്ത്രിസഭയിൽ ഇളമുറക്കാരനായി പി.എ. മുഹമ്മദ് റിയാസ് എത്തുമ്പോൾ കോഴിക്കോടിനാകെ അഭിമാനം.

മുദ്രാവാക്യം വിളിച്ച് പോരാട്ടവീഥിയിൽ വിദ്യാർഥിക്കാലം മുതലേ സജീവമായ റിയാസിന്റെ മന്ത്രി പദവി ജില്ലയുടെ വികസന സ്വപ്നങ്ങൾക്കും പുതിയ നിറം നൽകും. 1987ൽ ടി.കെ. ഹംസയും 2006ൽ എളമരം കരീമും മന്ത്രിമാരായപ്പോഴും വിജയതട്ടകം ബേപ്പൂരായിരുന്നു. അതിന്റെ തുടർച്ചയാണ് മുഹമ്മദ് റിയാസ്. കഴിഞ്ഞ തവണത്തേതിനെക്കാൾ ഇരട്ടി വോട്ട് ഭൂരിപക്ഷം നേടിയാണ് യു.ഡി.എഫിലെ പി.എം. നിയാസിനെ തോൽപ്പിച്ച് നിയമസഭാംഗമായത്. പ്രീഡിഗ്രിയും ബിരുദവും പഠിച്ച ഫാറൂഖ്കോളേജ് ഉൾപ്പെടുന്ന ബേപ്പൂർ മണ്ഡലത്തിന് കൂടുതൽ പരിചയപ്പെടുത്തൽ ആവശ്യമില്ലാത്ത നേതാവായിരുന്നു റിയാസ് എന്നത് വിജയത്തിന്റെ തിളക്കവും കൂട്ടി.

ഡി.വൈ.എഫ്.ഐ ദേശീയ നേതൃനിരയിൽ പ്രവർത്തിക്കാനാരംഭിച്ച മുതൽ കേന്ദ്ര സർക്കാരിന്റെ ജനദ്രോഹ നയത്തിനും വർഗീയ രാഷ്ട്രീയത്തിനെതിരായും ദേശവ്യാപകമായി നടന്ന പ്രക്ഷോഭങ്ങളുടെ നേതൃനിരയിലുണ്ട്.

ബീഫ് നിരോധനത്തിനും ആൾക്കൂട്ട കൊലപാതകങ്ങൾക്കെതിരായും നിരവധി സമരങ്ങൾ സംഘടിപ്പിച്ചു. പൗരത്വ ഭേദഗതി നിയമത്തിനെതിരെ സമരത്തിൽ ഡൽഹിയിലും മുംബൈയിലും അറസ്റ്റ് ചെയ്യപ്പെട്ടു. ഹരിയാനയിൽ സംഘപരിവാർ ക്രിമിനലുകൾ കൊന്ന ജുനൈദിന്റെ കുടുംബത്തിന് കേരള സർക്കാരിന്റെ സഹായം ലഭ്യമാക്കാൻ മുൻകൈയെടുത്തതും റിയാസ് ആയിരുന്നു.

ഡി.വൈ.എഫ്.ഐ അഖിലേന്ത്യ പ്രസിഡന്റും സി.പി.എം സംസ്ഥാന കമ്മറ്റിയംഗവുമാണ്. വീണ വിജയനാണ് ഭാര്യ.

# കന്നിയങ്കത്തിലെ വിജയം മന്ത്രിപദത്തിലേക്ക്

## ഡോ. ആർ ബിന്ദു

**(ഉന്നത വിദ്യാഭ്യാസം, സാങ്കേതിക വിദ്യാഭ്യാസം, സർവ്വകലാശാല (കൃഷി, മൃഗസംരക്ഷണം, മെഡിക്കൽ, ഡിജിറ്റൽ ഒഴികെ), എൻട്രൻസ് എക്സാം, എൻ.സി.സി, എ.എസ്.എ.പി, സാമൂഹ്യനീതി)**

**റൂം നമ്പർ 301, മൂന്നാം നില, അനക്സ് 2, ഗവ.സെക്രട്ടറിയേറ്റ്, തിരുവനന്തപുരം**
**04712327574**

**സാനഡ്, വഴുതക്കാട്, തിരുവനന്തപുരം**

തൃശൂരിന്റെ പ്രഥമ വനിതാ മേയറായി തിളക്കമാർന്ന പ്രവർത്തനം കാഴ്ചവച്ച ഡോ. ആർ ബിന്ദു ജനാധിപത്യ മഹിളാ അസോസിയേഷൻ കേന്ദ്ര എക്സിക്യൂട്ടിവ് കമ്മിറ്റി അംഗവും എ കെ പിസിറ്റി എ നേതാവുമാണ്.സിപിഐ എം തൃശൂർ ജില്ലാകമ്മിറ്റി അംഗമായ ബിന്ദു കന്നിയങ്കത്തിൽ ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിൽനിന്നാണ് നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടത്. തൃശൂർ കേരളവർമ



കോളേജ് ഇംഗ്ലീഷ് വിഭാഗം മേധാവിയും പ്രിൻസിപ്പൽ ഇൻ ചാർജുമായിരുന്ന ബിന്ദു ജോലി രാജിവച്ചാണ് ഇരിങ്ങാലക്കുടയിൽനിന്ന് ജനവിധി തേടിയത്. തൃശൂർ കോർപറേഷനിൽ മേയറായിരുന്നു. എസ് എഫ്ഐയുടെ സംസ്ഥാന വിദ്യാർഥിനി സബ് കമ്മിറ്റി കൺവീനറായിരുന്ന ബിന്ദു, കലിക്കറ്റ് സർവകലാശാല സിൻഡിക്കറ്റംഗമായിരുന്നു. സർവകലാശാലാ സെന റ്റിലും അംഗമായി പ്രവർത്തിച്ചു. ഇരിങ്ങാലക്കുട ഗവ. ഗേൾസ് ഹൈസ്കൂൾ, ഇരിങ്ങാലക്കുട സെന്റ് ജോ സഫ് കോളേജ്, കലിക്കറ്റ് സർവകലാശാല ഡിപ്പാർട്ട് മെന്റ് ഓഫ് ഇംഗ്ലീഷ്, ഡൽഹി ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റി എന്നിവിടങ്ങളിലായിരുന്നു വിദ്യാ ഭ്യാസം. ഇംഗ്ലീഷ് സാഹിത്യത്തിൽ റാങ്കോടുകൂടി ബിരുദാനന്തരബിരുദം, എംഫിൽ, പിഎച്ച്ഡി ബിരുദ ങ്ങളും നേടിയിട്ടുണ്ട്. സിപിഐ എം ഇരിങ്ങാലക്കുട ഏരിയാകമ്മിറ്റി അംഗവും ഇരിങ്ങാലക്കുട നാഷണൽ ഹൈസ്കൂൾ മുൻ പ്രധാനാധ്യാപകനുമായ എൻ രാധാകൃഷ്ണനാണ് പിതാവ്, അമ്മ കെ കെ ശാന്ത കുമാരി മണലൂർ ഗവ. ഹൈസ്കൂളിലെ പ്രധാന അധ്യാപികയുമായിരുന്നു. എൽഡിഎഫ് കൺവീനർ എ വിജയരാഘവന്റെ ഭാര്യയാണ്. മകൻ വി ഹരികൃഷ് ണൻ മഞ്ചേരി ജില്ലാ കോടതിയിൽ അഭിഭാഷകനാണ്.

# മാധ്യമരംഗത്തുയർന്ന ജനപക്ഷ ശബ്ദം

## വീണാ ജോർജ്

**(ആരോഗ്യം, കുടുംബക്ഷേമം, മെഡിക്കൽ വിദ്യാ ഭ്യാസം, മെഡിക്കൽ സർവ്വകലാശാല, ആയുഷ്, ഡ്ര ഗ്സ് കൺട്രോൾ, വനിതാ ശിശുക്ഷേമം)**


**റൂം നമ്പർ 701, ഏഴാം നില, അനക്സ് 2, ഗവ. സെക്രട്ടറിയേറ്റ്, തിരുവനന്തപുരം**
**04712337882/9400066111**

**നിള, കന്റോൺമെന്റ് ഹൗസിന് സമീപം, പാള യം., തിരുവനന്തപുരം**



രണ്ടാം തവണയും ആറൻമുളയിൽ നിന്ന് വിജ യിച്ച വീണാ ജോർജിന്റെ സ്ഥാനലബ്ധി. നാല്പത്തി അഞ്ചുകാരിയായ വീണാ ജോർജ് എസ്എഫ്ഐയി ലൂടെ രാഷ്ട്രീയ പ്രവർത്തനം ആരംഭിച്ചു. സിപിഐ എം പത്തനംതിട്ട ഏരിയ കമ്മിറ്റി അംഗമാണ്. 2012 ലെ അമേരിക്കൻ പ്രസിഡന്റ് തെരഞ്ഞെടുപ്പ് റിപ്പോർട്ട് ചെയ്യാൻ തെരഞ്ഞെടുക്കപ്പെട്ട അഞ്ച് ഇൻഡ്യൻ മാധ്യമപ്രവർത്തകരിൽ ഒരാളാണ്. കൈരളി, ഇൻഡ്യാ വിഷൻ, എം എം..ന്യൂസ്, റിപ്പോർട്ടർ ചാനലുകളിലെ സേവനത്തിലൂടെ ജനഹൃദയങ്ങളിൽ ഇടം നേടി. ജന പക്ഷ നിലപാടുകളാണ് ഈ യുവതിയെ ജനകീയ യാക്കിയത്. മലയാള മാധ്യമ രംഗത്തെ പ്രഥമ വനിത എക്സിക്യൂട്ടീവ് ഡയറക്ടറായി സേവനം അനുഷ്ഠിച്ചു. കേരള സർവകലാശാലയിൽനിന്ന് എംഎസ്സി ഫിസി ക്സിനും, ബിഎഡിനും റാങ്ക് ജേതാവായി. ഏഷ്യാ വിഷൻ, ടി പി വ്യൂവേഴ്സ്, ശബാമതി, പി ഭാസ്കരൻ ഫൗണ്ടേഷൻ, സുരേന്ദ്രൻ നീലേശ്വരം, കേരള ടി വി അവാർഡ് (മികച്ച മലയാളം ന്യൂസ് റീഡർ) രാജീവ് ഗാന്ധി ഫൗണ്ടേഷൻ, നോർത്ത് അമേരിക്കൻ പ്രസ് ക്ലബ്ബ്, യുഎഇ ഗ്രീൻ ചോയിസ് തുടങ്ങി നിരവധി അ വാർഡുകൾ ലഭിച്ചു. മലങ്കര ഓർത്തഡോക്സ് സഭാ മുൻ സെക്രട്ടറിയും അധ്യാപകനുമായ ഡോ.ജോർജ് ജോസഫാണ് ഭർത്താവ്. അന്നാ, ജോസഫ് എന്നിവർ മക്കൾ.

# കലാ – കായിക – സാംസ്കാരികരംഗത്തെ അനുഭവസമ്പത്തുമായി



## വി. അബ്ദുറഹ്മാൻ

**(കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം, റെയിൽവേ, പോസ്റ്റ് ആന്റ് ടെലിഗ്രാഫ്)**

**റൂം നമ്പർ 306, മൂന്നാം നില, സൗത്ത് സാൻവിച്ച് ബ്ലോക്ക്, ഗവ.സെക്രട്ടറിയേറ്റ്, തിരുവനന്തപുരം**
**04712333833/9400005600**

**താ**നൂരിൽ നിന്നും കടുത്ത മത്സരത്തിൽ വിജയിച്ച് നിയമസഭയിലെത്തി. സിറ്റിംഗ് എം.എൽ.എ. നിയമസഭയിൽ രണ്ടാം തവണ. തിരൂർ പൂക്കയിൽ പൊരൂർ സ്വദേശി. കെ.എസ്.യുവിലൂടെ രാഷ്ട്രീയത്തിലെത്തി. കെ.പി.സി.സി. അംഗമായിരിക്കെ 2014ൽ കോൺഗ്രസ് വിട്ട് പൊന്നാനി ലോക്സഭാ മണ്ഡലത്തിൽ എൽ.ഡി.എഫ് സ്വതന്ത്രനായി മത്സരിച്ചു.

തിരൂർ നഗരസഭയിൽ കൗൺസിലറും സ്ഥിരം സമിതി അധ്യക്ഷനും നഗരസഭാ ഉപാധ്യക്ഷനുമായി പ്രവർത്തിച്ചു. കാലിക്കറ്റ് യൂണിവേഴ്സിറ്റി സെനറ്റ് അംഗം, ഹജ്ജ് കമ്മിറ്റിയംഗം, ആക്ട് തിരൂർ സാംസ്കാരിക സംഘടനയുടെ പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിക്കുന്നു. ഭാര്യ: സാജിത, മക്കൾ: അഹമ്മദ് അമാൻ സഞ്ചിത്, റിസ്വാന ഷെറിൻ, നിഹല നേവൽ.

# പ്രാദേശിക ഭരണാനുഭവത്തിന്റെ കരുത്ത്

## ജെ. ചിഞ്ചുറാണി



**(മൃഗസംരക്ഷണം, ക്ഷീരവികസനം, മൃഗശാല, കേരള വെറ്ററിനറി ആൻഡ് ആനിമൽ സയൻസസ് സർവകലാശാല)**

**റൂം നമ്പർ 501, അഞ്ചാം നില, അനക്സ് 2, ഗവ. സെക്രട്ടറിയേറ്റ്, തിരുവനന്തപുരം**
**04712335366/9400008700**

**അശോക, ക്ലിഫ് ഹൗസ് കോമ്പൗണ്ട്, നന്തൻകോട്, തിരുവനന്തപുരം**

**ഇ**രുപത്തിരണ്ടാം വയസിൽ ഇരവിപുരം പഞ്ചായത്ത് അംഗമായ ജെ. ചിഞ്ചുറാണി മന്ത്രിപദവിയിൽ എത്തുന്നത് നീണ്ടനാളത്തെ പൊതുപ്രവർത്തന അനുഭവത്തിലൂടെ. പ്രാദേശിക സർക്കാരുകളിലും മികവുറ്റ പ്രവർത്തനം നടത്തി. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റായും കൊല്ലം കോർപറേഷൻ സ്ഥിരം സമിതിയധ്യക്ഷയായും പ്രവർത്തിച്ചിട്ടുണ്ട്.

ആദ്യകാല കമ്യൂണിസ്റ്റ് പാർട്ടി പ്രവർത്തകനും കശുവണ്ടിത്തൊഴിലാളി നേതാവുമായിരുന്ന കൊല്ലം മുണ്ടയ്ക്കൽ ഭരണിക്കാവ് തെക്കേവിളയിൽ വെളിയിൽ വടക്കതിൽ എൻ. ശ്രീധരന്റെ നാലാമത്തെ മകളാണ്. 1970ൽ ബാലവേദിയിലൂടെയാണ് പൊതുരംഗത്ത് എത്തുന്നത്. തുടർന്ന് വിദ്യാർഥി യുവജന പ്രസ്ഥാനങ്ങളിൽ മുഴുവൻസമയ പ്രവർത്തനത്തിലൂടെ സിപിഐയുടെ ജില്ലയിലെ പ്രധാനനേതാക്കളിൽ ഒരാളായി.

നിലവിൽ ദേശീയ കൗൺസിൽ അംഗമാണ്. വിദ്യാർഥി ആയിരിക്കുമ്പോൾ കലാ-കായിക രംഗങ്ങളിൽ തിളങ്ങിയിരുന്നു. കൊല്ലം എസ്.എൻ. വനിതാ കോളേജിൽ തുടർച്ചയായി ചാമ്പ്യനായി. ഡൽഹിയിൽ നടന്ന റിപ്പബ്ലിക് ദിന പരേഡിൽ എൻസിസി കേഡറ്റായി പങ്കെടുത്ത് പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയിൽനിന്നും രാഷ്ട്രപതിയിൽനിന്നും മെഡലുകൾ ഏറ്റുവാങ്ങിയ ചരിത്രവുമുണ്ട്. നിലവിൽ കേരള മഹിളാസംഘം സംസ്ഥാന പ്രസിഡന്റും സി അച്യുതമേനോൻ സ്മാരക ജില്ലാസഹകരണആശുപത്രി പ്രസിഡന്റുമാണ്. വനിതകളെ സംഘടിപ്പിക്കുന്നതിലും അവരുടെ മുന്നേറ്റത്തിനും ക്ഷേമത്തിനും വേണ്ടി ശ്രദ്ധേയ പ്രവർത്തനം ഏറ്റെടുത്തിട്ടുണ്ട്. ഭർത്താവ്: ഡി. സുകേശൻ, മക്കൾ: നന്ദു, നന്ദന റാണി




# തൃശൂരിന്റെ വിപ്ലവവീര്യം

## കെ. രാജൻ

**(റവന്യൂ, സർവ്വേ, ലാൻഡ് റെക്കോർഡ്സ്, ഭൂപരിഷ്ക്കരണം, ഭവനനിർമ്മാണം)**

**റൂം നമ്പർ 140, രണ്ടാം നില, നോർത്ത് ബ്ലോക്ക്, ഗവ.സെക്രട്ടറിയേറ്റ്, തിരുവനന്തപുരം, 04712327068/9400006300**

**ഗ്രേസ്, പാളയം, തിരുവനന്തപുരം**

**ഒ**ല്ലൂർ മണ്ഡലത്തിൽ നിന്ന് 21,506 വോട്ടിന്റെ ഭൂരിപക്ഷത്തിനാണ് കെ. രാജന്റെ ജയം. ശാസ്ത്ര സാഹിത്യ പരിഷത്ത്, ബാലവേദി എന്നിവയിലൂടെയാണ് കെ. രാജൻ പൊതുപ്രവർത്തന രംഗത്ത് എത്തിയത്. തൃശൂർ കേരളവർമ കോളേജിൽ നിന്ന് പ്രീഡിഗ്രിയും ഡിഗ്രിയും നേടി. ഈ കാലഘട്ടത്തിലാണ് എ.ഐ.എസ്.എഫിലൂടെ വിദ്യാർഥി രാഷ്ട്രീയ രംഗത്ത് സജീവമാകുന്നത്.

കാലിക്കറ്റ് സർവകലാശാലാ യൂണിയൻ ജോയിന്റ് സെക്രട്ടറി, യുവജനക്ഷേമ ബോർഡ് അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. തിരുവനന്തപുരം ലോ അക്കാദമിയിൽനിന്ന് നിയമബിരുദം നേടി തൃശൂർ കോടതിയിൽ അഭിഭാഷകവൃത്തി ആരംഭിച്ചെങ്കിലും മുഴുവൻസമയ രാഷ്ട്രീയപ്രവർത്തകനായി മാറി. എ.ഐ.എസ്.എഫ്. അഖിലേന്ത്യാ വൈസ് പ്രസിഡന്റ്, സംസ്ഥാന സെക്രട്ടറി, ജില്ലാ സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചു.

നിലവിൽ എ.ഐ.വൈ.എഫ്. ദേശീയ ജനറൽ സെക്രട്ടറിയും സി.പി.ഐ. സംസ്ഥാന എക്സിക്യൂട്ടീവ് അംഗവുമാണ്. ഒല്ലൂരിലെ എം.എൽ.എ.യായ രാജൻ ചീഫ് വിപ്പ് സ്ഥാനവും വഹിച്ചു. അന്തിക്കാട് പുളിക്കൽ കൃഷ്ണൻകുട്ടി മേനോന്റെയും രമണിയുടെയും മകനാണ്. ഭാര്യ: എ.ഐ.എസ്. എഫ്. സംസ്ഥാന കമ്മിറ്റി അംഗമായിരുന്ന മൂവാറ്റുവുഴ തൃക്കളത്തൂർ പുതുച്ചേരിയിൽ അനുപമ (കൊച്ചിൻ ദേവസ്വം ബോർഡ്). സി.പി.ഐ സംസ്ഥാന എക്സിക്യൂട്ടീവ് അംഗമാണ്.

# പ്രകൃതി ബോധത്തിന്റെ പ്രസാദാത്മകത

## പി. പ്രസാദ്

**(കൃഷി, മണ്ണുസംരക്ഷണം, കാർഷിക സർവ്വകലാശാല, വെയർ ഹൗസിംഗ് കോർപ്പറേഷൻ)**

**റൂം നമ്പർ 101, ഒന്നാം നില, അനക്സ് 2, ഗവ. സെക്രട്ടറിയേറ്റ്, തിരുവനന്തപുരം 04712333091/9400553344**

**ലിൻഡസ്റ്റ്, ദേവസ്വം ബോർഡ് ജം., നന്തൻകോട്, തിരുവനന്തപുരം**

**പ**രിസ്ഥിതിയെ കണ്ണിചേർത്തുള്ള പൊതുപ്രവർത്തനത്തിന്റെ പ്രസാദാത്മകമായ മുഖമാണ് ചേർത്തലയിൽ നിന്നുള്ള പി. പ്രസാദ്. സി.പി.ഐ സംസ്ഥാന എക്സിക്യൂട്ടീവ് അംഗമാണ്. വിദ്യാർഥി പ്രസ്ഥാനത്തിലൂടെ പൊതുരംഗത്തെത്തി. എ.ഐ.എസ്.എഫ്. താലൂക്ക് പ്രസിഡന്റ്, സംസ്ഥാന പ്രസിഡന്റ്, എ.ഐ.വൈ. എഫ് സംസ്ഥാന എക്സിക്യൂട്ടീവ് അംഗം, സി.പി.ഐ പത്തനംതിട്ട ജില്ലാ സെക്രട്ടറി, അഖിലേന്ത്യാ ആദിവാസി മഹാസഭ ദേശീയ എക്സിക്യൂട്ടീവ് അംഗം, കേരള സർവകലാശാല സെനറ്റ് അംഗം എന്നീ നിലകളിലും പ്രവർത്തിച്ചു. 2011 ൽ വനം മന്ത്രി ബിനോയ് വിശ്വത്തിന്റെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറിയും ജനയുഗം തിരുവനന്തപുരം യൂണിറ്റ് മാനേജരും ആയിരുന്നു.

ഒട്ടേറെ പരിസ്ഥിതി സമരങ്ങൾക്ക് നേതൃത്വം കൊടുത്തു. വന്ദന ശിവ, മേധാപട്കർ ഉൾപ്പെടെയുള്ള പരി




സ്ഥിതി പ്രവർത്തകർക്കൊപ്പം ഒട്ടേറെ സമരങ്ങളിൽ പി. പ്രസാദും പങ്കാളിയായി. സി.പി.ഐ സംസ്ഥാന പരിസ്ഥിതി സബ് കമ്മിറ്റി കൺവീനറായും പ്രവർത്തിക്കുന്നു. റഷ്യ, ക്യൂബ, നേപ്പാൾ, ദക്ഷിണാഫ്രിക്ക എന്നീ രാജ്യങ്ങൾ സന്ദർശിച്ചിട്ടുണ്ട്. നിരവധി വിദ്യാർഥി യുവജന സമരങ്ങളെ മുന്നിൽനിന്ന് നയിച്ച പി. പ്രസാദ് ഒട്ടേറെ തവണ മൃഗീയമായ പൊലീസ് മർദനത്തിന് ഇരയായി. 34 ദിവസത്തോളം ജയിൽവാസവും അനുഭവിച്ചു. മികച്ച പ്രാസംഗികനുമാണ്. കഴിഞ്ഞ തവണ ഹരിപ്പാടു നിന്ന് നിയമസഭയിലേക്ക് മത്സരിച്ചിരുന്നു. ലൈനയാണ് ഭാര്യ. ഭഗത്, അരുണ അൽമിത്ര എന്നിവർ മക്കളാണ്.




# കഴിവുറ്റ സംഘാടകൻ, മികച്ച ജനപ്രതിനിധി

**ജി.ആർ. അനിൽ**

**(ഭക്ഷ്യ-പൊതുവിതരണം, ഉപഭോക്തൃ കാര്യം, ലീഗൽ മെട്രോളജി)**

**റൂം നമ്പർ 210, രണ്ടാം നില, സൗത്ത് ബ്ലോക്ക്, ഗവ.സെക്രട്ടറിയേറ്റ്, തിരുവനന്തപുരം**
**0471233371/9400662244**

**അജന്ത, നന്തൻകോട്, തിരുവനന്തപുരം**

**മൂ**ന്നു പതിറ്റാണ്ടിലധികം നീണ്ട ഉശിരാർന്ന സംഘടനാ പ്രവർത്തനത്തിന്റെ പിൻബലവുമായാണ് ജി ആർ അനിൽ മന്ത്രിസഭയിൽ എത്തുന്നത്. വിദ്യാർഥി പ്രസ്ഥാനത്തിലൂടെ സജീവ രാഷ്ട്രീയത്തിൽ എത്തിയ അദ്ദേഹം തലസ്ഥാനത്തെ സമരമുഖങ്ങളിലെ ധീര സാന്നിധ്യമായിരുന്നു. നിരവധി തവണ പൊലീസിന്റെ കൊടിയ മർദനം ഏറ്റുവാങ്ങി. മൂന്നു തവണ ജയിൽ വാസവും അനുഭവിച്ചു. തിരുവനന്തപുരം നഗരസഭാ കൗൺസിലർ എന്ന നിലയിൽ പത്തുവർഷത്തെ മികവാർന്ന പ്രവർത്തനത്തിലൂടെ തലസ്ഥാന ജനതയുടെ അടുപ്പക്കാരനായി ഈ അമ്പത്തേഴുകാരൻ. സിപിഐ ജില്ലാ സെക്രട്ടറിയായിരിക്കെയാണ് നെടുമങ്ങാട് മണ്ഡലത്തിലെ എൽഡിഎഫ് സ്ഥാനാർഥിയായത്. നിയമസഭയിലേക്കുള്ള ആദ്യ ഊഴത്തിൽത്തന്നെ മന്ത്രിസ്ഥാനമെന്ന ബഹുമതിയും ഇപ്പോൾ സ്വന്തം. 12 വർഷമായി സിപിഐ സംസ്ഥാന കൗൺസിൽ അംഗമായി പ്രവർത്തിക്കുന്ന അനിൽ ജില്ലയിലെ വിവിധ ട്രേഡ് യൂണിയൻ സംഘടനകളുടെ നേതാവുകൂടിയാണ്.

എഐഎസ്എഫ്–, എഐവൈഎഫ്–, കിസാൻ സഭ എന്നിവയുടെ ജില്ലാ സെക്രട്ടറിയായും സംസ്ഥാന ഭാരവാഹിയായും പ്രവർത്തിച്ചു. എഐടിയുസി സംസ്ഥാന വർക്കിങ് കമ്മിറ്റി അംഗവും വിവിധ യൂണിയനുകളുടെ ഭാരവാഹിയുമാണ്. ഔഷധി ഡയറക്ടർ ബോർഡംഗമായും ഹാൻടെക്സ് ഡയറക്ടറായും കൈത്തറി – ക്ഷീരസംഘം പ്രസിഡന്റായും പ്രവർത്തിച്ചിട്ടുണ്ട്. തിരുവനന്തപുരം കൈമനത്താണ് താമസം. ഭാര്യ: മുൻ എം.എൽ.എ ആർ. ലതാദേവി, മകൾ: ദേവിക.

***(ശേഷം 23-ാം പേജിൽ)***

ഒരു കേരള സർക്കാർ പൊതുമേഖലാ സ്ഥാപനം

# Coirfed

'ആഘോഷം ഏതുമാവട്ടെ അനുയോജ്യ
സമ്മാനം കയർഫെഡ് മെത്തകൾ തന്നെ'




*ഈ ഓഫർ നിബന്ധനകൾക്ക് വിധേയം

**അവിശ്വസനീയമായ
ഓഫറുകളുമായി
കയർഫെഡ്..!**



Cocofert


Mattings


Tiles

കയർഫെഡ് ഉൽപ്പന്നങ്ങൾക്കായി
തൊട്ടടുത്ത ഷോറൂം സന്ദർശിക്കുക!

**Customer Care Number :
0477 2243627**



Mats



Briquette


Coco Pot

**THE KERALA STATE CO-OPERATIVE COIR MARKETING FEDERATION Ltd.** P.B.No.4616, Alappuzha,Kerala, India
**Tel: 0477 2243627, 2243628 , 2243629** www.coirfed.in, www.coirfed.kerala.gov.in, Email: coirfedho@gmail.com, mdcoirfed@gmail.com
**Head Office. No : +91 8281009840, +91 8281009828, +91 9495605091** | **Alappuzha :** 8281009856 | **Chalakkudy :** 8281009859 | **Chengannur :** 8281009854 | **Ernakulam :** 8281009858 | **Kannur :** 8281009864 | **Kayamkulam :** 8281009850 | **Kollam :** 8281009849 | **Kottayam :** 8281009857 | **Kozhikode :** 8281009863 | **Malappuram :** 8281009862 **Mavelikkara :** 8281009852 | **Nangiyarkulangara :** 8281009853 | **Narmada (Tvm) :** 8281009845 | **Parippally :** 8281009848 | **Palakkad :** 8281009826 | **Sulthan Batherry :** 8281009865 | **Thrissur :** 8281009860 | **Tirur :** 8281009861 | **Trida (Tvm) :** 8281009846 | **Ananthapuri :** 8281009847 | **Pathanamthitta :** 8281009873 | **Sreekayam :** 9349109251




# ചരിത്ര

**ച**രിത്രപ്രതിജ്ഞയുമായി മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിലുള്ള സർക്കാരിന്റെ രണ്ടാമൂഴത്തിന് തുടക്കം. മുഖ്യമന്ത്രിയും 20 മന്ത്രിമാരുമാണ് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ മുമ്പാകെ സത്യപ്രതിജ്ഞ ചെയ്തത്.

കോവിഡ് പശ്ചാത്തലത്തിൽ കൃത്യമായ മുന്നൊരുക്കങ്ങളോടെ ക്ഷണിക്കപ്പെട്ട അതിഥികളെ മാത്രം പങ്കെടുപ്പിച്ചാണ് സെൻട്രൽ സ്റ്റേഡിയത്തിൽ ഒരുക്കിയ പ്രത്യേക പന്തലിൽ സത്യപ്രതിജ്ഞാ ചടങ്ങ് സംഘടിപ്പിച്ചത്.

വൈകിട്ട് മൂന്നോടെ നിയുക്ത മന്ത്രിമാർ സെൻട്രൽ സ്റ്റേഡിയത്തിൽ എത്തിയിരുന്നു. 52 ഗായകരും സംഗീതജ്ഞരും അണിചേരുന്ന നവകേരള ഗീതാഞ്ജലിയുടെ പ്രത്യേക സംഗീത വീഡിയോ ചടങ്ങുകൾക്ക് മുമ്പ് വേദിയിൽ പ്രദർശിപ്പിച്ചു.

3.30ന് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ വേദിയിലെത്തി. ദേശീയഗാനത്തിന് ശേഷം ചീഫ് സെക്രട്ടറി ഡോ. വി.പി. ജോയ് സത്യപ്രതിജ്ഞയ്ക്ക് ഗവർണറുടെ അനുമതി തേടി. തുടർന്ന്, പിണറായി വിജയനെ സത്യപ്രതിജ്ഞയ്ക്കായി ചീഫ് സെക്രട്ടറി ക്ഷണിച്ചു. സദസിനിടയിലേക്ക് ചെന്ന് അതിഥികളെ അഭിവാദ്യം ചെയ്തശേഷം വേദിയിലേക്ക് കയറിയ അദ്ദേഹം 3.33ന് ഗവർണർ മുമ്പാകെ സഗൗരവം സത്യവാചകം ചൊല്ലി. തുടർന്ന് രജിസ്റ്ററിൽ ഒപ്പുവച്ചശേഷം മുഖ്യമന്ത്രിയെ ഗവർണർ ബൊക്കെ നൽകി അഭിനന്ദിച്ചു.

പിന്നാലെ, എൽ.ഡി.എഫ് ഘടകകക്ഷികളെ പ്രതിനിധാനംചെയ്ത് കെ. രാജൻ, റോഷി അഗസ്റ്റിൻ, കെ. കൃഷ്ണൻകുട്ടി, എ.കെ. ശശീന്ദ്രൻ, അഹമ്മദ് ദേവർകോവിൽ, അഡ്വ. ആന്റണി രാജു എന്നിവർ സത്യപ്രതിജ്ഞ ചൊല്ലി. അതിനുശേഷം ബാക്കി നിയുക്തമന്ത്രിമാരെ അക്ഷരമാല ക്രമത്തിൽ സത്യപ്രതിജ്ഞയ്ക്ക് ക്ഷണിച്ചു. വി. അബ്ദുറഹ്മാൻ, അഡ്വ. ജി.ആർ. അനിൽ, കെ.എൻ. ബാലഗോപാൽ, പ്രൊഫ. ആർ. ബിന്ദു, ജെ. ചിഞ്ചുറാണി, എം.വി. ഗോവിന്ദൻ മാസ്റ്റർ, അഡ്വ. പി.എ. മുഹമ്മദ് റിയാസ്, പി. പ്രസാദ്, കെ. രാധാകൃഷ്ണൻ, പി. രാജീവ്, സജി ചെറിയാൻ, വി. ശിവൻകുട്ടി, വി.എൻ. വാസവൻ, വീണാ ജോർജ് എന്നിവർ യഥാക്രമം സത്യപ്രതിജ്ഞ ചെയ്തു. സത്യവാചകം ചൊ




# പ്രതിജ്ഞ

ല്ലിയശേഷം എല്ലാ മന്ത്രിമാരെയും ഗവർണർ പൂച്ചെണ്ട് നൽകി അനുമോദിച്ചു. റോഷി അഗസ്റ്റിൻ, കെ. കൃഷ്ണൻകുട്ടി, ആൻറണി രാജു, വി. അബ്ദുറഹ്മാൻ, വീണാ ജോർജ് എന്നിവർ ദൈവനാമത്തിലും അഹ്മദ് ദേവർകോവിൽ അള്ളാഹുവിന്റെ നാമത്തിലും സത്യപ്രതിജ്ഞ ചെയ്തപ്പോൾ മുഖ്യമന്ത്രിയുൾപ്പെടെ ബാക്കി മന്ത്രിമാർ സഗൗരവ പ്രതിജ്ഞയാണെടുത്തത്.

ചീഫ് സെക്രട്ടറി ഡോ. വി.പി. ജോയിക്കു പുറമേ പൊതുഭരണ സെക്രട്ടറി കെ.ആർ. ജ്യോതിലാൽ, ഗവർണറുടെ പ്രിൻസിപ്പൽ സെക്രട്ടറി ദേവേന്ദ്രകുമാർ ദൊഡാവത്ത് ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരും വേദിയിലുണ്ടായിരുന്നു. കേരളത്തിന്റെ സാമൂഹിക, രാഷ്ട്രീയ, സാംസ്കാരിക, ഉദ്യോഗസ്ഥ മേഖലകളിലെ ക്ഷണിക്കപ്പെട്ട പ്രമുഖർ സത്യപ്രതിജ്ഞാ ചടങ്ങ് വീക്ഷിക്കാനെത്തിയിരുന്നു.

വൈകിട്ട് 4.50 ഓടെ സത്യപ്രതിജ്ഞയുടെ ഔദ്യോഗിക ചടങ്ങുകൾ പൂർത്തിയായി. ദേശീയഗാനം ആലപിച്ച് ചടങ്ങ് അവസാനിപ്പിച്ചു. മുഖ്യമന്ത്രി പിണറായി വിജയനെയും മന്ത്രിമാരെയും ഗവർണർ ചായ സൽക്കാരത്തിന് രാജ്ഭവനിലേക്ക് ക്ഷണിച്ചു. രാജ്ഭവനിലെ ഗവർണറുടെ ആതിഥ്യം സ്വീകരിച്ചശേഷം മന്ത്രിമാർ സെക്രട്ടേറിയറ്റിലെത്തി വൈകിട്ട് ആറിനുശേഷം മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ആദ്യമന്ത്രിസഭായോഗം ചേർന്നു.

Coirfed

പാരമ്പര്യത്തിന്റെ കൃത്യതയും പ്രകൃതിയുടെ
സൗഭാഗ്യവും ചേർന്ന കയർഫെഡ് ഉൽപ്പന്നങ്ങൾ




മെത്തകൾ | കയർ മാറ്റ് | കയർ മാറ്റിംഗ്സ് | കയർ ടൈൽസ് | കൊക്കോഫെർട്ട് | കൊക്കോപിത്ത് ബ്രിക്കറ്റ് | ജിയോ ടെക്സ്റ്റൈൽസ്

THE KERALA STATE CO-OPERATIVE COIR MARKETING FERDERATION Ltd. No.679, P.B.No.4616, Alappuzha, Kerala, India
Website: www.coirfed.com, www.coirfed.kerala.gov.in, Email: coirfedho@gmail.com, mdcoirfed2gmail.com
Tel: 0477 2243627, 2243628, 2243629, 2244109(D)

(18-ാം പേജിൽനിന്ന് തുടർച്ച)

# ഇടുക്കിയുടെ കരുത്ത്

## റോഷി അഗസ്റ്റിൻ



**(ജലവിതരണം, ജലസേചനം, കമാന്റ് ഏരിയ ഡവലപ്മെന്റ് അതോറിറ്റി, ഭൂഗർഭ ജലവകുപ്പ്)**

**റൂം നമ്പർ 129, ഓം നില, നോർത്ത് ബ്ലോക്ക്, ഗവ.സെക്രട്ടറിയേറ്റ്, തിരുവനന്തപുരം**
**04712333487/94470 21314**

**പ്രശാന്ത്, ക്ലിഫ് ഹൗസ് കോമ്പൗണ്ട്, നന്തൻകോട്, തിരുവനന്തപുരം**

ഇടുക്കിയിൽ നിന്ന് 5573 വോട്ടുകളുടെ ഭൂരിപക്ഷത്തിലാണ് റോഷി അഗസ്റ്റിന്റെ ജയം. ഇടുക്കിയിൽ നിന്നുള്ള തുടർച്ചയായ അഞ്ചാംവിജയം, റോഷി അഗസ്റ്റിന് സമ്മാനിക്കുന്നത് പിണറായി വിജയൻ 2.0 സർക്കാരിൽ മന്ത്രിസ്ഥാനം. മുന്നണി മാറി എൽ.ഡി. എഫിലെത്തിയ കേരള കോൺഗ്രസ് എമ്മിന് രണ്ടാം പിണറായി സർക്കാരിൽ ലഭിച്ച മന്ത്രിസ്ഥാനത്തേക്കാണ് റോഷി എത്തുന്നത്. നിലവിൽ കേരള കോൺഗ്രസ് എം ഉന്നതാധികാര കമ്മിറ്റി അംഗവും സംസ്ഥാന ജനറൽ സെക്രട്ടറിയുമാണ് റോഷി. കന്നിയങ്കം 1996-ൽ പേരാമ്പ്രയിൽനിന്നായിരുന്നു. എന്നാൽ ആദ്യമത്സരത്തിൽ സി.പി.എമ്മിന്റെ എൻ.കെ. രാധയോടു പരാജയപ്പെട്ടു. 2752 വോട്ടുകൾക്കായിരുന്നു തോൽവി. പിന്നീട് തട്ടകം മാറി ഇടുക്കിയിലെത്തി. 2001 മുതൽ ഇടുക്കിയിൽ തുടർച്ചയായി വിജയം. കേരള കോൺഗ്രസിലെ പിളർപ്പിൽ ജോസ് കെ. മാണിയോടൊപ്പം ഉറച്ചുനിന്നു. 1969-ൽ ചക്കാമ്പുഴ ചെറുനിലത്ത് ചാലിൽ അഗസ്റ്റിൻ-ലീലാമ്മ ദമ്പതികളുടെ മൂന്ന് മക്കളിൽ മൂത്തയാളായാണ് ജനനം. പാലാ സെന്റ് തോമസ് കോളേജിൽനിന്ന് ഫിസിക്സിൽ ബിരുദം നേടി. തിരുവനന്തപുരം റീജണൽ കാൻസർ സെന്ററിൽ നേഴ്സായ റാണിയാണ് ഭാര്യ. മൂത്തമകൾ ആൻമരിയ വാഴത്തോപ്പ് സെന്റ് ജോർജ് ഹയർസെക്കൻഡറി സ്കൂളിൽ പ്ലസ് വൺ വിദ്യാർഥിനി. രണ്ടാമത്തെ മകൾ എയ്ഞ്ചൽ മരിയ എട്ടാം ക്ലാസിലും ഇളയ മകൻ അഗസ്റ്റിൻ രണ്ടാം ക്ലാസിലും പഠിക്കുന്നു.




# കേരളത്തിന്റെ ഹൃദയത്തുടിപ്പറിഞ്ഞ്

## എ.കെ. ശശീന്ദ്രൻ

**(വനം, വന്യജീവി സംരക്ഷണം)**

**റൂം നമ്പർ 358, ഒന്നാം നില, മെയിൻ ബ്ലോക്ക്, ഗവ.സെക്രട്ടറിയേറ്റ്, തിരുവനന്തപുരം**
**04712327561/9495969787**

**കാവേരി, പാളയം, തിരുവനന്തപുരം**

**കേ**രളത്തിന്റെ ഹൃദയത്തുടിപ്പറിഞ്ഞ് ഗതാഗതമേഖലയിൽ മികച്ച പരിഷ്കാരങ്ങൾ നടപ്പാക്കിയ ജനകീയ മന്ത്രി -എ കെ ശശീന്ദ്രന് വിശേഷണങ്ങൾ ഇങ്ങനെയെഴുതാം. രണ്ടാം പിണറായി സർക്കാരിൽ വീണ്ടും മന്ത്രിയാകുമ്പോൾ പ്രതീക്ഷയിലാണ് നാടാകെ. കഴിഞ്ഞതവണ മന്ത്രിസ്ഥാനത്തിരുന്ന് നടപ്പാക്കിയ പദ്ധതിയുടെ കരുത്തുമായാണ് അദ്ദേഹം വീണ്ടും ഭരണക്കസേരയിലേറുന്നത്. ഒപ്പം എംഎൽഎ എന്ന നിലയിൽ എലത്തൂരിനെ നെഞ്ചോട് ചേർത്തുപിടിച്ചും മികവ് തെളിയിച്ചു.

കണ്ണൂരിൽനിന്നെത്തി എലത്തൂരിന്റെ ചുവന്ന മണ്ണിൽ ചുവടുറപ്പിച്ച ശശീന്ദ്രനെ വൻ ഭൂരിപക്ഷ ത്തിലാണ് ഇത്തവണയും നിയമസഭയിലേക്കയച്ചത്. മണ്ഡലം രൂപീകരിച്ചതുമുതൽ ശശീന്ദ്രനാണ് എല ത്തൂരിനെ പ്രതിനിധീകരിച്ചത്. 2011ൽ 14,654 വോട്ടിന്റെ ഭൂരിപക്ഷത്തിന് ജയിച്ചപ്പോൾ 2016ൽ ഇരട്ടിയാക്കി. 29,057. ഇത്തവണ 38,502 വോട്ടിനായിരുന്നു ജയം. എലത്തൂരിന്റെ സർവ മേഖലയിലും വികസനത്തിന്റെ വെട്ടം തെളിയിച്ചതിന് ജനങ്ങൾ നൽകിയ സമ്മാനമാ യിരുന്നു ജില്ലയിലെ വലിയ ഭൂരിപക്ഷം.

വിദ്യാർഥി കാലഘട്ടത്തിൽ സമരമുഖത്ത് സജീവമായാണ് ശശീന്ദ്രൻ പൊതുരംഗത്തേക്ക് ചുവടു വച്ചത്. കെ.എസ്.യു സംസ്ഥാന ജനറൽ സെക്രട്ടറിയാ യും യൂത്ത് കോൺഗ്രസ് നേതാവായും പ്രവർത്തിച്ചു. കോൺഗ്രസ് വിട്ട് 1980 മുതൽ ഇടതുപക്ഷത്ത് നില യുറപ്പിച്ചു. 1982 മുതൽ കോൺഗ്രസ് എസിന്റെയും തുടർന്ന് എൻസിപിയുടെയും നേതാവായി. 2006ൽ ബാലുശേരിയിൽനിന്ന് ജില്ലയിലെ ആദ്യ വിജയം സ്വന്തമാക്കി. ഭാര്യ: അനിത, മകൻ: വരുൺ



# കറകളഞ്ഞ സോഷ്യലിസ്റ്റ്

## കെ. കൃഷ്ണൻകുട്ടി

**(വൈദ്യുതി, അനർട്ട്)**

**റൂം നമ്പർ 208, രണ്ടാം നില, നോർത്ത് സാൻ ഡ്‌വിച്ച് ബ്ലോക്ക്, ഗവ.സെക്രട്ടറിയേറ്റ്, തിരുവനന്ത പുരം, 0471232756/9400055333**

**പെരിയാർ, ക്ലിഫ് ഹൗസ് കോമ്പൗണ്ട്, നന്തൻകോട്, തിരുവനന്തപുരം**

**പാ**ലക്കാട് ചിറ്റൂരിൽ നിന്ന് 33,878 വോട്ടിന്റെ ഭൂരി പക്ഷത്തിനാണ് ജനതാദൾ (എസ്.) നേതാവ് കെ. കൃഷ്ണൻകുട്ടിയുടെ ജയം. ഒന്നാം പിണറായി മന്ത്രി സഭയിലെ ജലവിഭവമന്ത്രിയായ കൃഷ്ണൻകുട്ടി ചിറ്റൂരിൽ ഒമ്പതാം അങ്കം ജയിച്ചാണ് ഇക്കുറി നിയമസഭ യിലെത്തുന്നത്. നാലുതവണ വിജയിച്ചു. ഒരുവട്ടം മന്ത്രി യുമായി. 2016–ന് പുറമെ 1980, 82, 91 വർഷങ്ങളിലാണ് നിയമസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടത്. 2018 നവം ബറിലാണ് മന്ത്രിയായി ചുമതലയേറ്റത്. 1944–ൽ ചിറ്റൂർ എഴുത്താണിയിലെ കുഞ്ചുക്കുട്ടി–ജാനകി ദമ്പതിമാ രുടെ മകനായി ജനിച്ചു. 1964–ൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് പ്രവർത്തകനായാണ് രാഷ്ട്രീയത്തിലെ ത്തിയത്.

പിന്നീട് ജനതാപാർട്ടിയിലെത്തി. ജനതാദൾ (എസ്.) സംസ്ഥാന പ്രസിഡന്റായി പ്രവർത്തിച്ചിട്ടുണ്ട്. ഭാര്യ: വിലാസിനി. മക്കൾ: ലത, നാരായണൻകുട്ടി (പെ രുമാട്ടി ഗ്രാമപ്പഞ്ചായത്തംഗം), അജയൻ (സോഫ്റ്റ് വെയർ എൻജിനീയർ), കെ. ബിജു ഐ.എ.എസ്. (ലാൻഡ് റവന്യൂ കമ്മിഷണർ).

# നിലയ്ക്കാത്ത പോരാട്ട വീര്യം

## ആന്റണി രാജു

**(റോഡ് ഗതാഗതം, മോട്ടോർ വെഹിക്കിൾ, ജലഗതാ ഗതം)**

**റൂം നമ്പർ എസ് 301, മൂന്നാം നില, സൗത്ത് ബ്ലോക്ക്, ഗവ.സെക്രട്ടറിയേറ്റ്, തിരുവനന്തപുരം 04712326772/9400088111**

**മൻമോഹൻ ബംഗ്ലാവ്, വെള്ളയമ്പലം, തിരുവനന്തപുരം**

**തി**രുവനന്തപുരത്ത് നിന്ന് 7089 വോട്ടുകൾക്കാ ണ് ആന്റണി രാജുവിന്റെ ജയം .കേരള കോൺഗ്രസ് രാഷ്ട്രീയത്തിലൂടെ പൊതുരംഗത്തേക്ക് വന്ന നേതാ വാണ് ആന്റണി രാജു. കേരള കോൺഗ്രസ് ജോസഫ് ഗ്രൂപ്പിന്റെ ഭാഗമായി ഇടതുപക്ഷത്തിനൊപ്പമായിരുന്നു ആന്റണി രാജുവിന്റെ സഞ്ചാരം. 1954 നവംബർ 18 ന് തിരുവനന്തപുരം ജില്ലയിലെ പൂന്തുറയിൽ ലൂർദമ്മ യുടേയും എസ്. അൽഫോൺസിന്റേയും മകനായി ജനിച്ചു. തിരുവനന്തപുരത്തെ സെന്റ് തോമസ് സ്കൂ ളിൽ പ്രാഥമിക വിദ്യാഭ്യാസം നേടിയ അദ്ദേഹം എ റണാകുളം കളമശ്ശേരി രാജഗിരി സ്കൂളിൽ നിന്ന് സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. പിന്നീട് തുമ്പ സെന്റ് സേവ്യേഴ്സ് കോളേജിൽ നിന്ന് പ്രീ ഡിഗ്രീ പൂർത്തിയാക്കി. മാർ ഇവാനിയസ് കോളേജിൽ നിന്ന് ബിരുദവും. തിരുവനന്തപുരം ലോ കോളേജിൽ നിന്ന്



നിയമത്തിൽ ബിരുദവും നേടി. 1996ലെ നിയമസഭാ തിരഞ്ഞെടുപ്പിൽ ഇടതുമുന്നണി സ്ഥാനാർഥിയായി മത്സരിച്ച് ജയിച്ചാണ് നിയമസഭയിലേക്ക് എത്തിയത്. അന്ന് തിരുവനന്തപുരം വെസ്റ്റ് മണ്ഡലത്തിൽ നിന്നാണ് അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടത്. 2001ൽ മത്സരിച്ചെങ്കിലും മണ്ഡലത്തിൽ പരാജയപ്പെട്ടു. തുടർന്ന് നടന്ന രണ്ട് നിയമസഭാ തിരഞ്ഞെടുപ്പിലും മത്സരിച്ചില്ല. ജോസഫ് ഗ്രൂപ്പ് കേരള കോൺഗ്രസ് എംമ്മിൽ ലയിച്ചതോടെ ഇടക്കാലത്ത് യുഡിഎഫിലെത്തിയെങ്കിലും 2016ലെ തിരഞ്ഞെടുപ്പിന് മുമ്പ് ജനാധിപത്യ കേരളാ കോൺഗ്രസ് എന്ന പാർട്ടി രൂപീകരിച്ച് ആന്റണി രാജുവും ഫ്രാൻസിസ് ജോർജുമുൾപ്പെടെ ഒരുവിഭാഗം എൽഡിഎഫിലെത്തി. 2016ലെ തിരഞ്ഞെടുപ്പിൽ തിരുവനന്തപുരം മണ്ഡലത്തിൽ നിന്ന് മത്സരിച്ചെങ്കിലും പരാജയപ്പെട്ടു. ഇതിനിടെ 2020ൽ ജനാധിപത്യ കേരളാ കോൺഗ്രസ് പിളർന്ന് ഫ്രാൻസിസ് ജോർജ് ജോസഫ് ഗ്രൂപ്പിനൊപ്പം പോയെങ്കിലും മുന്നണിയിൽ ഉറച്ച് നിൽക്കാനായിരുന്നു ആന്റണി രാജുവിന്റെ തീരുമാനം. പൊതുമേഖലാ സ്ഥാപനമായ തിരുവിതാംകൂർ സിമന്റ്സ് ലിമിറ്റഡിന്റെ ചെയർമാൻ, കരകൗശല വികസന കോർപ്പറേഷന്റെ ചെയർമാൻ, കേരള സർവകലാശാലയിലെ സിൻഡിക്കേറ്റ് അംഗം തുടങ്ങിയ പദവികൾ വഹിച്ചിട്ടുണ്ട്. ഭാര്യ- ഗ്രേസി രാജു. മക്കൾ- റോഷ്ണി രാജു, റോഹൻ രാജു

# കന്നിയങ്കത്തിൽ ജയിച്ച് മന്ത്രിപദത്തിൽ

## അഹമ്മദ് ദേവർകോവിൽ

**(തുറമുഖം, മ്യൂസിയം, പുരാവസ്തു)**

**റൂം നമ്പർ 603, ആറാം നില, അനക്സ് 1, ഗവ. സെക്രട്ടറിയേറ്റ്, തിരുവനന്തപുരം**
**9400552200/9847005405**

**തൈക്കാട് ഹൗസ്, വഴുതക്കാട്തിരുവനന്തപുരം**



**നി**യമസഭാ തെരഞ്ഞെടുപ്പിൽ കന്നിയങ്കത്തിൽ വെന്നിക്കൊടി പാറിച്ച് നാട്ടുകാരുടെ ഹൃദയത്തിൽ സ്ഥാനമുറപ്പിച്ച അഹമ്മദ് ദേവർകോവിൽ ഇനി കേരളത്തിന്റെ തുറമുഖം, മ്യൂസിയം വകുപ്പുകൾ കൈകാര്യം ചെയ്യുന്ന മന്ത്രി. മുസ്ലിംലീഗ് നേതാവ് എം കെ മുനീർ രണ്ടുവട്ടം തുടർച്ചയായി വിജയിച്ച മണ്ഡലമാണ് കോഴിക്കോട് സൗത്ത്. ഇവിടെയാണ് 12,459 വോട്ടിന്റെ മികച്ച ഭൂരിപക്ഷത്തിൽ അഹമ്മദ് ദേവർകോവിൽ വിജയകിരീടം ചൂടിയത്.

1994ൽ ഡൽഹിയിൽ ചേർന്ന പ്രഥമ രൂപീകരണ കൺവൻഷൻ മുതൽ ഐഎൻഎല്ലിന്റെ ഭാഗമായി നിലയുറപ്പിച്ചു അഹമ്മദ് ദേവർകോവിൽ. ഐഎൻഎൽ നാദാപുരം മണ്ഡലം പ്രസിഡന്റും ജില്ലാ ജനറൽ സെക്രട്ടറിയും പ്രസിഡന്റും സംസ്ഥാന സെക്രട്ടറിയും അഖിലേന്ത്യാ സെക്രട്ടറിയുമായിരുന്നു. നിലവിൽ അഖിലേന്ത്യാ ജനറൽ സെക്രട്ടറിയാണ്. അടിയന്തരാവസ്ഥയിൽ വിദ്യാർഥി പ്രക്ഷോഭങ്ങളിൽ പങ്കെടുത്ത് ജയിൽവാസം അനുഭവിച്ചു. ബിസിനസ് ആവശ്യാർഥം കുറേക്കാലം മുംബൈയിലായിരുന്നു.ബോംബെ റെയിൽവേ പാസഞ്ചേഴ്സ് അസോസിയേഷൻ സെക്രട്ടറിയും ബോംബെ മുസ്ലിം ജമാഅത്ത് വൈസ് പ്രസിഡന്റും ജനറൽ സെക്രട്ടറിയും ബോംബെ മലയാളി സമാജം സെക്രട്ടറിയുമായി പ്രവർത്തിച്ചു. ജി എം ബനാത്ത് വാലയുടെ നേതൃത്വത്തിലുള്ള മഹാരാഷ്ട്ര മുസ്ലിം ലീഗിന്റെ കാര്യദർശി പദവി വഹിച്ചു.

കേരള ഹോട്ടൽ ആൻഡ് റസ്റ്റോറന്റ് അസോസിയേഷൻ ജില്ലാ പ്രസിഡന്റ്, സംസ്ഥാന വൈസ് പ്രസിഡന്റ് എന്നീ പദവികൾ വഹിക്കുന്നു. മെഡിക്കൽ കോളേജ് ആസ്ഥാനമായുള്ള മെഹബൂബെ മില്ലത്ത് ചാരിറ്റബിൾ ട്രസ്റ്റ് (എംഎംസിടി) സ്ഥാപക ചെയർമാനുമാണ്. സരോവരം ഗ്രീൻ എക്സ്പ്രസ് ചാരിറ്റബിൾ ട്രസ്റ്റ് ചെയർമാനും ഗവ. അംഗീകൃത ഹജ്ജ്- ഉംറ ഓപ്പറേറ്റേഴ്സ് അസോസിയേഷൻ സംസ്ഥാന സെക്രട്ടറിയുമാണ്. ഭാര്യ: സാബിറ, മക്കൾ: ഷാഫി മോനിഷ് അഹമ്മദ്, താൻസിയ ഷെർവിൻ.

# നവകേരളത്തിന് ഗീതാഞ്ജലി

## 52 ഗായകരും സംഗീതജ്ഞരും അണിചേർന്ന നവകേരള ഗീതാഞ്ജലി, സെൻട്രൽ സ്റ്റേഡിയത്തിൽ വെർച്ച്വൽ സംഗീതാവിഷ്ക്കാരം

**ആ**റു പതിറ്റാണ്ടിന്റെ ചരിത്രം കേരളത്തിനു സമ്മാനിച്ച മാറ്റത്തിന്റെ നേർക്കാഴ്ചയോടെയാണു പിണറായി വിജയൻ സർക്കാരിന്റെ രണ്ടാമൂഴത്തിനു സാക്ഷ്യംവഹിക്കാൻ സെൻട്രൽ സ്റ്റേഡിയത്തിലെ വേദിയൊരുങ്ങിയത്. 1957ലെ ഇ.എം.എസ്. സർക്കാരിൽത്തുടങ്ങി ഇപ്പോൾ പിണറായി വിജയൻ നേതൃത്വം ൽകുന്ന സർക്കാരിലെത്തിനിൽക്കുന്ന കേരളം, പോയ നാളുകളിൽ കൈവരിച്ച നേട്ടങ്ങൾ സിനിമ - സംഗീത രംഗത്തെ 54 പ്രമുഖർ വിർചൽ ഗീതാഞ്ജലിയായി കേരളത്തിനു മുന്നിൽ അവതരിപ്പിച്ചു. ഇത്രയധികം ഗായകരും സംഗീതജ്ഞരും പങ്കാളികളാകുന്ന ഒരു സംഗീതശിൽപ്പം മലയാളത്തിൽ ആദ്യത്തേതാണ്.

മമ്മൂട്ടിയുടെ സമർപ്പണാവതരണത്തോടെ തുടങ്ങിയ ഗീതാഞ്ജലിക്കു ഡോ. കെ.ജെ. യേശുദാസ്, മോഹൻലാൽ, എ.ആർ. റഹ്മാൻ, ഹരിഹരൻ, പി.ജയചന്ദ്രൻ, കെ.എസ്. ചിത്ര, സുജാത, എം.ജി ശ്രീകുമാർ, അംജത് അലിഖാൻ, ഉമയാൾപുരം ശിവരാമൻ, ശിവമണി, ജയറാം, കരുണാമൂർത്തി, സ്റ്റീഫൻ ദേവസ്യ, ഉണ്ണിമേനോൻ, ശ്രീനിവാസ്, ഉണ്ണികൃഷ്ണൻ, വിജയ് യേശുദാസ്, മധുബാലകൃഷ്ണൻ, ശ്വേതാമോഹൻ, ഔസേപ്പച്ചൻ, എം. ജയചന്ദ്രൻ, ശരത്, ബിജിബാൽ, രമ്യാനമ്പീശൻ, മഞ്ജരി, സുധീപ്കുമാർ, നജിം അർഷാദ്, ഹരിചരൻ, മധുശ്രീ, രാജശ്രീ, കല്ലറ ഗോപൻ, അപർണ രാജീവ്, വൈക്കം വിജയലക്ഷ്മി, സിതാര, ഹരികൃഷ്ണൻ, സയനോര, രാജലക്ഷ്മി, കല്ലറ ഗോപൻ, മുരുകൻ കാട്ടാക്കട, പി.കെ. മേദിനി എന്നിവരടക്കം ചലച്ചിത്രരംഗത്തെ പ്രമുഖർ ശബ്ദം പകർന്നു. 38 ഓളം കവിതകളും നാടക ഗാനങ്ങളും പഴയകാല ചലച്ചിത്ര ഗാനങ്ങളുമെല്ലാം 21 മിനിറ്റു നീണ്ട നവകേരള ഗീതാഞ്ജലിയിൽ നിറഞ്ഞു. കവി പ്രഭാവർമയും റഫീഖ് അഹമ്മദുമാണ് ഓരോ കാലഘട്ടത്തിന്റെയും പാട്ടുകളേയും കവിതകളേയും ഇഴചേർക്കാൻ വരികളെഴുതിയത്. സംവിധായകൻ ടി.കെ. രാജീവ്കുമാർ ആശയാവിഷ്കാരം നിർവഹിച്ചു. രമേശ് നാരായണൻ സംഗീതം ചിട്ടപ്പെടുത്തി.

മണ്ണും മനുഷ്യനും എന്ന ആശയത്തിലൂന്നിയാണു സംഗീത ദൃശ്യാവിഷ്കാരം തയാറാക്കിയതെന്നു ടി.കെ രാജീവ് കുമാർ പറഞ്ഞു. 1957 മുതലുള്ള കേരള സർക്കാരുകൾ നാടിന്റെ പുരോഗതിയിലേക്കുള്ള മാറ്റത്തിനായി സ്വീകരിച്ച ഇടപെടലുകളുടെ നേർക്കാഴ്ചയാണ് സംഗീതാർച്ചനയിൽ ഉള്ളത്. കക്ഷിരാഷ്ട്രീയത്തിനതീതമായി സർക്കാരുകളും പ്രസ്ഥാനങ്ങളും മലയാളിയുടെ ജീവിതത്തെ ഏതു രീതിയിലാണു സ്വാധീനിച്ചതെന്ന് ഇതിൽനിന്നു വ്യക്തമാകുന്നെന്നും രാജീവ് കുമാർപറഞ്ഞു.

ഇൻഫർമേഷൻ - പബ്ലിക് റിലേഷൻസ് വകുപ്പും കേരള മീഡിയ അക്കാദമിയും ചേർന്നാണു സംഗീതാവിഷ്കാരം നിർമിച്ചത്.


## പ്രത്യേക ക്യാഷ് പ്രൈസ്

**ക**യർഫെഡിന്റെ മുഖമാസികയായ കയർ വ്യവസായം 1998 മുതലാണ് പ്രസിദ്ധീകരണം ആരംഭിച്ചത്. പിന്നീട് കുറെക്കാലം പ്രസിദ്ധീകരണം നിലച്ചിരിക്കുകയായിരുന്നു. ഇപ്പോൾ കെട്ടിലും മട്ടിലും പുതുമയോടുകൂടി മാസിക പ്രസിദ്ധീകരിച്ചു വരുന്നു. വാർഷിക വരിസംഖ്യ 400 രൂപയാണ്. 20 വർഷങ്ങൾക്കു മുൻപുള്ള ലക്കങ്ങൾ കൈവശമുള്ളവർക്ക് കയർഫെഡ് ഭാഗ്യസമ്മാനങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നു. നിങ്ങളുടെ കൈവശമുള്ള കയർ വ്യവസായം മാസികയുടെ പഴയ ലക്കം നൽകുന്നവർക്ക് മാസികയുടെ ഒരു വർഷത്തേക്കുള്ള സൗജന്യ വരിസംഖ്യയും 500 രൂപ പ്രത്യേക ക്യാഷ് പ്രൈസും നൽകുന്നതാണ്. ഈ സൗജന്യം പരിമിതകാലത്തേക്ക് മാത്രം. വിശദവിവരങ്ങൾക്ക് ഉടനടി ബന്ധപ്പെടുക.

**മാനേജിംഗ് എഡിറ്റർ, കയർവ്യവസായം**
**കയർഫെഡ്, പി.ബി.നമ്പർ.4616, ആലപ്പുഴ-688012**
**ഫോൺ-0477 2243628, 8281009833**

# ഒന്നായി മുന്നേറാം: മുഖ്യമന്ത്രി പിണറായി വിജയൻ

**കേ**രളത്തിന്റെ ചരിത്രത്തിലാദ്യമായി ഇടതുപക്ഷ നേതൃത്വത്തിലുള്ള ഭരണത്തിന് തുടർച്ചയായി രണ്ടാമൂഴം ഉണ്ടാകുകയാണ്. ഒന്നാമൂഴത്തിന്റെ സദ്ഫലങ്ങളെ ശക്തിപ്പെടുത്തിയും സമാഹരിച്ചും സൃഷ്ടിക്കുന്ന അടിത്തറയിൽ പുതിയ കാലം ആവശ്യപ്പെടുന്ന തരത്തിലുള്ള ഒരു നവകേരളത്തെ കെട്ടിപ്പടുക്കുക എന്നതായിരിക്കും ഈ ഭരണത്തിന്റെ ലക്ഷ്യം. ഈ നിയമസഭാ തെരഞ്ഞെടുപ്പിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് ലഭിച്ച വിജയം ഇതിനുള്ള ജനസമ്മതിയാണ്. കേരളത്തിന്റെ താൽപര്യം സംരക്ഷിക്കണമെങ്കിൽ, അവകാശം നേടിയെടുക്കണമെങ്കിൽ, നമ്മുടെ നാടിന്റെ മതനിരപേക്ഷത സംരക്ഷിക്കപ്പെടണമെങ്കിൽ, അഴിമതിരഹിത വികസനം യാഥാർഥ്യമാകണമെങ്കിൽ, ക്ഷേമം പുലരണമെങ്കിൽ, കേരളത്തിൽ പുരോഗമന ജനാധിപത്യ മതനിരപേക്ഷ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന ഒരു സർക്കാർതന്നെ അധികാരത്തിൽ തുടരണമെന്ന് കേരളത്തിലെ പ്രബുദ്ധരായ ജനങ്ങൾ വിധിയെഴുതിയിരിക്കുകയാണ്. ആ ജനവിധി പ്രാബല്യത്തിലാകുകയാണ് പുതിയ മന്ത്രിസഭയുടെ സത്യപ്രതിജ്ഞയോടെ.



വാക്കിനു വിലയുള്ള ഒരു ഇടതുപക്ഷ ജനകീയ ബദൽ ഇവിടെ യാഥാർഥ്യമാകണമെന്ന് കേരളത്തിലെ ജനങ്ങൾ കരുതുന്നു. അതുകൊണ്ടുതന്നെ ഈ വിജയം ജനങ്ങൾക്ക് അവകാശപ്പെട്ടതാണ്. കേരളം ഒറ്റക്കെട്ടാണെന്നും ഒന്നായി നാം മുന്നേറുമെന്നും ഒന്നാമതായി തുടരുമെന്നുമുള്ള സന്ദേശമാണ് നിയമസഭാ തെരഞ്ഞെടുപ്പ് ഫലം നൽകിയത്. ആ സന്ദേശം മുറുകെപിടിച്ചുകൊണ്ട് നവകേരളത്തിലേക്കുള്ള യാത്ര നമുക്ക് ഒരുമിച്ച് തുടരാം എന്ന് ഓരോ കേരളീയനോടും അഭ്യർഥിക്കുകയാണ്. ആ തുടർയാത്രയ്ക്കു നാം തുടക്കം കുറിക്കുകയാണ്.

നിയമസഭാ തെരഞ്ഞെടുപ്പ് അവലോകനം ചെയ്താൽ അറബിക്കടൽമുതൽ പശ്ചിമഘട്ടംവരെ, മലബാർ എന്നോ കൊച്ചിയെന്നോ തിരുവിതാംകൂർ എന്നോ വ്യത്യാസമില്ലാതെ ജനങ്ങളാകെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ നെഞ്ചോടു ചേർത്തുപിടിച്ചുവെന്നും ജാതി-മത, ലിംഗ-പ്രായ ഭേദമെന്യേ സംസ്ഥാനത്തുടനീളം ജനങ്ങൾ എൽ.ഡി.എഫിൽ വിശ്വാസം അർപ്പിക്കുന്നുവെന്നും വ്യക്തമാകും. ഇവിടെ വികസനവും ക്ഷേമവുമാണ് ജനങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങൾ. സമാധാനവും സ്വൈര്യജീവിതവുമാണ് ജനങ്ങൾ ആഗ്രഹിക്കുന്നത്. ഇതൊക്കെ ഉറപ്പുവരുത്തുന്നവരോടൊപ്പമാണ് ജനം നിൽക്കുന്നത്. അതിനൊക്കെ വെല്ലുവിളികൾ ആകുമെന്ന് കരുതുന്നവരെയാകട്ടെ ജനത ഈ തെരഞ്ഞെടുപ്പിൽ തള്ളിക്കളഞ്ഞിട്ടുണ്ട്. ജനങ്ങളുടെ ആഗ്രഹം സഫലമാക്കാനുള്ള യത്നത്തിന് സമർപ്പിതമായിരിക്കും പുതിയ ഭരണം.

1957ൽ ആരംഭിച്ച പ്രക്രിയയുടെ തുടർച്ചയും കാലാനുസൃതമായ വികാസവുമാണ് 2021ൽ നാം കാണുന്നത്. നാടിന്റെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതും അതിനായി ജനതയെ ഒന്നായി ചേർത്തുനിർത്തുന്നതുമായ പുതിയ ഒരു രാഷ്ട്രീയസമീപനം കേരളത്തിൽ പൊതുവായി ഉയർന്നുവരേണ്ടതുണ്ട്. ഈ വിധത്തിലുള്ള ഒരു മുന്നേറ്റമാണ് അടുത്ത അഞ്ചു വർഷംകൊണ്ട് നടത്താൻ നാം തയ്യാറെടുക്കുന്നത്. അതിനായി ജനങ്ങളുടെയാകെ ഒത്തൊരുമയോടെ ഉള്ള സഹകരണവും പ്രവർത്തനവും ഒഴിച്ചുകൂടാനാവാത്തതാണ്.



### ക്ഷേമപ്രവർത്തനങ്ങൾ നിറവേറ്റും

ഒരു മഹാമാരിയുടെ നടുവിലാണ് നാം. ജനിതകമാറ്റം വന്ന കൊറോണ വൈറസിന്റെ വ്യാപനം അതിശക്തമായിത്തന്നെ നമ്മുടെ ഇടയിൽ തുടരുന്നുണ്ട്. സ്വാഭാവികമായും അതിനെ ചെറുക്കാനും ജനങ്ങളുടെ ജീവൻ സംരക്ഷിക്കാനുമാണ് പ്രാധാന്യം നൽകുന്നത്. അതിനാവശ്യമായിട്ടുള്ളത്രയും ഓക്സിജനും ഐസിയു കിടക്കകളും വെന്റിലേറ്ററുകളും ഉൾപ്പെടെയുള്ള ചികിത്സാ സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതോടൊപ്പംതന്നെ കോവിഡ് രോഗികളുടെ ചികിത്സയുടെയും അവരുടെ പരിചരണത്തിനു വേണ്ട അവശ്യവസ്തുക്കളുടെയും വില നിയന്ത്രിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനു പുറമെ സൗജന്യമായി എല്ലാ പ്രായത്തിലുള്ള ജനങ്ങൾക്കും വാക്സിനേഷൻ ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്.

അതോടൊപ്പംതന്നെ ദുരിതത്തിലായിരിക്കുന്ന ജനങ്ങൾക്ക് ആശ്വാസം എത്തിക്കാനുള്ള കടമയും സർക്കാരിനുണ്ട്. അതുകൊണ്ടാണ് സാമൂഹ്യ അടുക്കളകളിൽനിന്നും ജനകീയഹോട്ടലുകളിൽനിന്നും ആവശ്യക്കാർക്ക് ഭക്ഷണമെത്തിക്കുന്നത്. ലോക്ഡൗണിൽ വരുമാനമില്ലാതെ ബുദ്ധിമുട്ടുന്ന ജനതയ്ക്ക് ആശ്വാസമേകാൻ ഭക്ഷ്യധാന്യക്കിറ്റും ക്ഷേമപെൻഷനുകളും ബിപിഎൽ കുടുംബങ്ങൾക്കുള്ള സഹായവും എല്ലാം മുടക്കംകൂടാതെ വിതരണം ചെയ്യുന്നുമുണ്ട്.

മഹാമാരി ഉയർത്തുന്ന സമാനതകളില്ലാത്ത പ്രതിസന്ധികളുടെ ഇടയിലും നാടിന്റെ മുന്നോട്ടുപോക്കിന് വികസന, ക്ഷേമ പ്രവർത്തനങ്ങൾ അത്യന്താപേക്ഷിതമാണ്. അവയൊക്കെത്തന്നെ പൂർണമായി നിറവേറ്റുമെന്ന ഉറപ്പ് കേരള ജനതയ്ക്കു നൽകുകയാണ്. റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായ റെസിലിയന്റ് കേരള ഡെവലപ്മെന്റ് പ്രോഗ്രാമിന്റെ രണ്ടാം ഘട്ടം ലോക ബാങ്കിന്റെയും ഏഷ്യൻ ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ബാങ്കിന്റെയും കൺസഷണൽ ഫണ്ടിങ്ങായ 250 ദശലക്ഷം യുഎസ് ഡോളർ പ്രയോജനപ്പെടുത്തി നടപ്പാക്കാൻ ഒരുങ്ങുകയാണ്. ഇതിനു പുറമെ 210 ദശലക്ഷം യുഎസ് ഡോളറിന്റെ ഖരമാലിന്യ സംസ്കരണ പദ്ധതിയും ലോക ബാങ്കിന്റെ സഹായത്തോടെ നടപ്പാക്കുകയാണ്.

കഴിഞ്ഞ അഞ്ചുവർഷം കേരള ചരിത്രത്തിൽത്തന്നെ സമാനതകൾ ഇല്ലാത്തവയായിരുന്നു. ഒന്നിനു പുറകെ ഒന്നായി നാം പ്രതിസന്ധികളെ നേരിടുകയും അതിജീവിക്കുകയും ചെയ്തു. ഓഖി, നിപാ, പ്രളയം, കാലവർഷക്കെടുതി, ഉരുൾപ്പൊട്ടലുകൾ എന്നിവയ്ക്കു ശേഷം ഒടുവിൽ കോവിഡും വന്നു. അവയുടെയൊന്നും നടുവിൽ കേരളം തളർന്നില്ല. കേരള ജനത അവയെ എല്ലാം ധീരതയോടെ നേരിട്ടു, അതിജീവിച്ചു. ഈ മഹാമാരിയെയും നാം അതിജീവിക്കും.

ദേശീയതലത്തിൽത്തന്നെ ഉറ്റുനോക്കപ്പെടുന്ന ഒന്നാണ് കേരളത്തിൽ നടപ്പാക്കപ്പെടുന്ന ജനകീയ ബദൽ നയങ്ങൾ. കഴിഞ്ഞ തവണ സർവതലസ്പർശിയും സാമൂഹ്യ നീതിയിലധിഷ്ഠിതവുമായ വികസനവും അതിലൂടെ നവകേരള സൃഷ്ടിയുമാണ് നാം ലക്ഷ്യമിട്ടതെങ്കിൽ ഇപ്പോൾ നവകേരള നിർമിതിയുടെ പുതിയൊരു ഘട്ടത്തിലേക്കു നാം കടക്കുകയാണ്. അടിസ്ഥാന സൗകര്യ മേഖലയിൽ കഴിഞ്ഞ സർക്കാരുണ്ടാക്കിയ മുന്നേറ്റത്തിന്റെ അടിത്തറയിൽ സ്ഥായിയായ ഒരു വികസന മാതൃക യാഥാർഥ്യമാക്കണം.

പാവപ്പെട്ടവർക്കുള്ള ക്ഷേമപ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതോടൊപ്പം നാളത്തെ തലമുറ ആഗ്രഹിക്കുന്ന ആധുനിക തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും വേണം. അതിനായി കേരളത്തെ വിജ്ഞാന സമൂഹമായി രൂപാന്തരപ്പെടുത്തണം. അതിനുതകുന്ന തരത്തിലുള്ള വികസന മാതൃകകൾ സഫലമാകുന്ന നാടായി പരിവർത്തിപ്പിക്കണം. ഇവ ഉറപ്പുവരുത്താനാണ് ഈ സർക്കാരിലൂടെ ലക്ഷ്യമിടുന്നത്.

### ജീവിതനിലവാരം അന്താരാഷ്ട്ര തലത്തിലേക്ക്

അടുത്ത അഞ്ച് വർഷംകൊണ്ട് ആധുനികവും ഉയർന്ന തൊഴിൽശേഷിയുള്ളതുമായ ഉത്പാദനപരമായ ഒരു സമ്പദ്ഘടന ഇവിടെ സൃഷ്ടിക്കും. ഇന്ത്യയിലെ സ്കിൽഡ് ലേബറിന്റെ ഹബ്ബായി മാറാനുള്ള സാധ്യത കേരളത്തിനുണ്ട്. അടുത്ത 25 വർഷംകൊണ്ട് ജീവിത നിലവാരം അന്താരാഷ്ട്രതലത്തിലെതന്നെ വികസിത, മധ്യ വരുമാന രാഷ്ട്രങ്ങൾക്ക് സമാനമാക്കുക എന്നതാണ് നമ്മുടെ ലക്ഷ്യം. അതോടൊപ്പംതന്നെ നമ്മുടെ വികസന പ്രക്രിയ എല്ലാവരെയും ഉൾക്കൊള്ളുന്നതാണെന്ന് ഉറപ്പുവരുത്തും.



ജീവിതഗുണമേന്മയോടും സുരക്ഷയോടുംകൂടി മനുഷ്യർക്ക് ജീവിക്കാൻ കൊള്ളാവുന്ന സംസ്ഥാനമാക്കി നിലനിർത്തുന്നതിന് ഉതകുന്ന ക്ഷേമ, സുരക്ഷാ പ്രവർത്തനങ്ങൾ ഇനിയും മെച്ചപ്പെട്ട രീതിയിൽ മുന്നോട്ടു കൊണ്ടുപോകുന്നതിനുള്ള വ്യക്തമായ കാര്യപരിപാടി നടപ്പാക്കും. പശ്ചാത്തലസൗകര്യ മേഖലയിൽ അടുത്ത അഞ്ചുവർഷംകൊണ്ട് 60,000 കോടി രൂപയുടെ പദ്ധതികളാണ് നടപ്പാക്കാൻ ലക്ഷ്യമിടുന്നത്. പശ്ചാത്തല സൗകര്യങ്ങൾ നിക്ഷേപകരെ കൂടുതൽ ആകർഷിക്കും.

കേരളത്തിന് കൂടുതൽ അനുയോജ്യമായ വ്യവസായങ്ങളായി നാം കരുതുന്നത് ഐടി പോലുള്ള വിജ്ഞാനാധിഷ്ഠിത വ്യവസായങ്ങളും ടൂറിസം പോലുള്ള സേവനപ്രദാന വ്യവസായങ്ങളുമാണ്. ഇതിനുപുറമെ പ്രധാനപ്പെട്ടത് സോഫ്റ്റ്‌വെയർ നിർമാണം പോലുള്ള നൈപുണീസാന്ദ്ര വ്യവസായങ്ങളും നമ്മുടെ വിഭവങ്ങളുടെ മൂല്യവർധിത വ്യവസായങ്ങളുമാണ്. ഉത്പാദനവും ഉത്പാദനക്ഷമതയും വർധിപ്പിക്കാൻ ഉതകുന്ന ബയോടെക്നോളജിപോലുള്ള സാങ്കേതികവിദ്യകളുടെ വികാസവും പ്രധാനമാണ്. ഉത്പാദനമേഖലകളായ കാർഷിക-കാർഷികാനുബന്ധ, വ്യവസായ, സാങ്കേതിക വിദ്യാ മേഖലകളിൽ നമ്മുടെ ശേഷികളെ മെച്ചപ്പെടുത്തും.

## ഉന്നതവിദ്യാഭ്യാസ മേഖലയിൽ ബദൽ തീർക്കും

കേരളത്തിന്റെ സാമ്പത്തിക അടിത്തറയെ വിജ്ഞാനസമ്പദ്ഘടനയായി പുതുക്കിപ്പണിയുന്നതിന് കൃത്യമായൊരു പരിപാടിയാണ് ഇക്കുറി നടപ്പാക്കാൻ പോകുന്നത്. വിജ്ഞാന സമൂഹത്തിലേക്കുള്ള പരിവർത്തനത്തിന് ഏറ്റവും പ്രധാനപ്പെട്ട ഇടപെടലുകൾ നടത്തുക ഉന്നതവിദ്യാഭ്യാസ മേഖലയിലാണ്. ഉന്നത വിദ്യാഭ്യാസ മേഖലയിലെ കേന്ദ്ര സർക്കാരിന്റെ ഉദാരവത്കരണ നയങ്ങൾക്കും വർഗീയ- അമിതാധികാര പ്രവണതകൾക്കും എതിരെ കേരളം ഒരു ബദൽ അവതരിപ്പിക്കും.

കേരളത്തിലെ സർവകലാശാലകൾക്കും അക്കാദമിക് സ്ഥാപനങ്ങൾക്കും നൂതന സാങ്കേതികവിദ്യാ മേഖലകളോട് സഹകരിച്ചു പ്രവർത്തിക്കുന്നതിനുള്ള വഴിയൊരുക്കും. അവിടങ്ങളിലെ വിദ്യാർഥികൾക്കും അധ്യാപകർക്കും സ്റ്റാർട്ടപ്പുകൾ ആരംഭിക്കുന്നതിനും ഹൈടെക്നോളജി സംരംഭങ്ങളിലേർപ്പെടുന്നതിനും പ്രോത്സാഹനം നൽകും. അങ്ങനെ അടുത്ത മൂന്നുമുതൽ അഞ്ചു വർഷംകൊണ്ട് ഐടി കയറ്റുമതിയുടെ മൂല്യം ഇരട്ടിപ്പിക്കുക എന്നതാണ് നമ്മുടെ ലക്ഷ്യം. ഇത്തരത്തിലുള്ള ഒരു പുതിയ വികസന പാതയിലേക്കു പുരോഗമിക്കുന്നതിന് മതനിരപേക്ഷ ജനാധിപത്യ സ്വഭാവത്തെ ശക്തിപ്പെടുത്തേണ്ടത് അതിപ്രധാനമാണ്. സുസ്ഥിരവികസനം എന്ന ലക്ഷ്യം നേടുന്നതിന് അത്യന്താപേക്ഷിതമാണ് നമ്മുടെ നാട്ടിലെ സമാധാന അന്തരീക്ഷം കുറേക്കൂടി മെച്ചപ്പെടുത്തുക എന്നത്. ആഗോളവൽക്കരണ പ്രക്രിയക്കു സഹായകരമാകുന്ന വർഗീയ-വിദ്വേഷ സമീപനങ്ങളെ ഇല്ലായ്മ ചെയ്യേണ്ടതുണ്ട്. കേരളം മുന്നോട്ടുവയ്ക്കുന്ന ജനകീയ ബദൽ പ്രാവർത്തികമാക്കുന്നതിന് അത് അനിവാര്യമാണ്.



രാജ്യമൊട്ടാകെ ഈ ഘട്ടത്തിൽ കേരളമെന്താണ് ചെയ്യുന്നത് എന്നറിയാൻ ഉറ്റുനോക്കുകയാണ്. നമ്മുടെ ജനകീയ ബദലിൽ പ്രത്യാശവയ്ക്കുന്ന ആളുകളുടെ എണ്ണം രാജ്യത്തുതന്നെ വർധിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ടുതന്നെ, ഈ ബദലിനെ കൂടുതൽ ജനകീയമായി വിപുലീകരിച്ച് ശക്തിപ്പെടുത്തേണ്ടതുണ്ട്. അതിനുള്ള കാര്യപരിപാടികളായിരിക്കും എൽ.ഡി.എഫ് സർക്കാർ നടപ്പാക്കുക. ജനങ്ങൾ അർപ്പിച്ചിരിക്കുന്ന അഭൂതപൂർവമായ പിന്തുണ ഞങ്ങളെ കൂടുതൽ ഉത്തരവാദിത്തബോധമുള്ളവർ ആക്കുകയാണ്. ഞങ്ങളിൽനിന്ന് ജനം എന്താണ് പ്രതീക്ഷിക്കുന്നത് എന്നു വ്യക്തമാണ്. കഴിഞ്ഞ സർക്കാരിനെപ്പോലെ തന്നെ കൂടുതൽ വിനയത്തോടെ ജനങ്ങളുടെ പ്രതീക്ഷയ്ക്കൊത്ത് ഉയർന്ന് പ്രവർത്തിക്കാനാണ് ഈ സർക്കാരും ശ്രമിക്കുക.

# 15-ാം കേരള നിയമസഭാംഗങ്ങൾ



മഞ്ചേശ്വരം
എ.കെ.എം. അഷ്റഫ്
(മുസ്ലിം ലീഗ്)
9995239701
akmashraf@ niyamasabha.nic.in



കാസർഗോഡ്
എൻ.എ. നെല്ലിക്കുന്ന്
(മുസ്ലിം ലീഗ്)
9447010338
nanellikkunnu@ niyamasabha.nic.in



ഉദുമ
സി.എച്ച്. കുഞ്ഞമ്പു
(സി.പി.എം)
9447489707
chkunhambu@ niyamasabha.nic.in



കാഞ്ഞങ്ങാട്
ഇ. ചന്ദ്രശേഖരൻ
(സി.പി.ഐ)
9447672200
echandrasekharan@ niyamasabha.nic.in



തൃക്കരിപ്പൂർ
എം. രാജഗോപാലൻ
(സി.പി.എം)
9446168577
mrajagopalan@ niyamasabha.nic.in



പയ്യന്നൂർ
റ്റി.ഐ. മധുസൂദനൻ
(സി.പി.എം)
9447026670
timadhusoodanan@ niyamasabha.nic.in



കല്യാശേരി
എം. വിജിൻ
(സി.പി.എം)
9847443943
mvijin@ niyamasabha.nic.in



തളിപ്പറമ്പ്
എം.വി. ഗോവിന്ദൻ മാസ്റ്റർ
(സി.പി.എം)
9447070569
mvgovindanmaster@ niyamasabha.nic.in



ഇരിക്കൂർ
സജീവ് ജോസഫ്
(കോൺഗ്രസ്)
9447881506
sajeevjoseph@ niyamasabha.nic.in



അഴീക്കോട്
കെ.വി. സുമേഷ്
(സി.പി.എം)
9447372151
kvsumesh@ niyamasabha.nic.in



കണ്ണൂർ
രാമചന്ദ്രൻ കടന്നപ്പള്ളി
(കോൺഗ്രസ് സെക്കുലർ)
9447628800
rkadannappalli@ niyamasabha.nic.in



ധർമ്മടം
പിണറായി വിജയൻ
(സി.പി.എം)
9447565656
pinarayivijayan@ niyamasabha.nic.in



തലശ്ശേരി
എ.എൻ. ഷംസീർ
(സി.പി.എം)
9447056803
anshamseer@ niyamasabha.nic.in



കൂത്തുപറമ്പ്
കെ.പി. മോഹനൻ
(എൽ.ജെ.ഡി)
9496255500
kpmohanan@ niyamasabha.nic.in



മട്ടന്നൂർ
കെ.കെ. ഷൈലജ ടീച്ചർ
(സി.പി.എം)
9447982200
kkshailaja@ niyamasabha.nic.in



പേരാവൂർ
അഡ്വ. സണ്ണി ജോസഫ്
(കോൺഗ്രസ്)
9447046694
sunnyjoseph@ niyamasabha.nic.in



മാനന്തവാടി
ഒ.ആർ. കേളു
(സി.പി.എം)
9446545146
orkelu@ niyamasabha.nic.in



സുൽത്താൻ ബത്തേരി
ഐ.സി. ബാലകൃഷ്ണൻ
(കോൺഗ്രസ്)
9947675080
icbalakrishnan@ niyamasabha.nic.in



കൽപ്പറ്റ
അഡ്വ. റ്റി. സിദ്ധിഖ്
(കോൺഗ്രസ്)
9446060303
tsiddiqu@ niyamasabha.nic.in



വടകര
കെ.കെ. രമ
(ആർ.എം.പി)
9497648545
kkrema@ niyamasabha.nic.in



കുറ്റ്യാടി
കെ.പി. കുഞ്ഞഹമ്മദുകുട്ടി മാസ്റ്റർ
(സി.പി.എം)
9400796466
kunhammedkutty@ niyamasabha.nic.in



നാദാപുരം
ഇ.കെ. വിജയൻ
(സി.പി.ഐ)
9495346389
ekvijayan@ niyamasabha.nic.in



കൊയിലാണ്ടി
കാനത്തിൽ ജമീല
(സി.പി.എം)
9447542026
kanathiljameela@ niyamasabha.nic.in



പേരാമ്പ്ര
റ്റി.പി. രാമകൃഷ്ണൻ
(സി.പി.എം)
9447913300
tpramakrishnan@ niyamasabha.nic.in



**ബാലുശേരി**
കെ.എം. സച്ചിൻദേവ്
(സി.പി.എം)
9961304198
kmsachindev@ niyamasabha.nic.in



**ഏലത്തൂർ**
എ.കെ. ശശീന്ദ്രൻ
(എൻ.സി.പി)
9847001879
aksaseendran@ niyamasabha.nic.in



**കോഴിക്കോട് നോർത്ത്**
തോട്ടത്തിൽ രവീന്ദ്രൻ
(സി.പി.എം)
9446259898
thottathilr@ niyamasabha.nic.in



**കോഴിക്കോട് സൗത്ത്**
അഹമ്മദ് ദേവർകോവിൽ
(ഐ.എൻ.എൽ)
9847005405
adevarkovil@ niyamasabha.nic.in



**ബേപ്പൂർ**
പി.എ. മുഹമ്മദ് റിയാസ്
(സി.പി.എം)
9446373370
mohamedriyas@ niyamasabha.nic.in



**കുന്നമംഗലം**
പി.റ്റി.എ. റഹിം
(സി.പി.എം സ്വതന്ത്രൻ)
9847510238
ptarahim@ niyamasabha.nic.in



**കൊടുവള്ളി**
ഡോ.എം.കെ. മുനീർ
(മുസ്ലിം ലീഗ്)
9947041000
mkmuneer@ niyamasabha.nic.in



**തിരുവമ്പാടി**
ലിന്റോ ജോസഫ്
(സി.പി.എം)
9656039897
lintojoseph@ niyamasabha.nic.in



**കൊണ്ടോട്ടി**
റ്റി.വി. ഇബ്രാഹിം
(മുസ്ലിം ലീഗ്)
9446774400
tvibrahim@ niyamasabha.nic.in



**ഏറനാട്**
പി.കെ. ബഷീർ
(മുസ്ലിം ലീഗ്)
9496606060
pkbasheer@ niyamasabha.nic.in



**നിലമ്പൂർ**
പി.വി. അൻവർ
(സി.പി.എം സ്വതന്ത്രൻ)
9447060901
pvanvar@ niyamasabha.nic.in



**വണ്ടൂർ**
എ.പി. അനിൽകുമാർ
(കോൺഗ്രസ്)
9447115677
apanilkumar@ niyamasabha.nic.in



**മഞ്ചേരി**
അഡ്വ. യു.എ. ലത്തീഫ്
(മുസ്ലിം ലീഗ്)
9447477970
ualatheef@ niyamasabha.nic.in



**പെരിന്തൽമണ്ണ**
നജീബ് കാന്തപുരം
(മുസ്ലിം ലീഗ്)
9846881772
najeeb@ niyamasabha.nic.in



**മങ്കട**
മഞ്ഞളാംകുഴി അലി
(മുസ്ലിം ലീഗ്)
9447082166
manjalamkuzhiali@ niyamasabha.nic.in



**മലപ്പുറം**
പി. ഉബൈദുള്ള
(മുസ്ലിം ലീഗ്)
9447353079
pubaidulla@ niyamasabha.nic.in



**വേങ്ങര**
പി.കെ. കുഞ്ഞാലിക്കുട്ടി
(മുസ്ലിം ലീഗ്)
9947020200
pkkunhalikutty@ niyamasabha.nic.in



**വള്ളികുന്ന്**
അബ്ദുൾ ഹമീദ് മാസ്റ്റർ
(മുസ്ലിം ലീഗ്)
9847327102
abdulhameedp@ niyamasabha.nic.in



**തിരൂരങ്ങാടി**
കെ.പി.എ മജീദ്
(മുസ്ലിം ലീഗ്)
9447109014
kpamajeed@ niyamasabha.nic.in



**താനൂർ**
വി. അബ്ദുറഹിമാൻ
(സി.പി.എം സ്വതന്ത്രൻ)
9447121485
vabdurahiman@ niyamasabha.nic.in



**തിരൂർ**
കുറുക്കോളി മൊയ്തീൻ
(മുസ്ലിം ലീഗ്)
9846812526
kurukkolimoideen@ niyamasabha.nic.in



**കോട്ടയ്ക്കൽ**
പ്രൊഫ. അബിദ് ഹുസൈൻ തങ്ങൾ
(മുസ്ലിം ലീഗ്)
9447282329
abidhussain@ niyamasabha.nic.in



**തവനൂർ**
ഡോ. കെ.റ്റി. ജലീൽ
(സി.പി.എം സ്വതന്ത്രൻ)
9895073107
ktjaleel@ niyamasabha.nic.in



**പൊന്നാനി**
പി. നന്ദകുമാർ
(സി.പി.എം)
9447134129
pnandakumar@ niyamasabha.nic.in



**തൃത്താല**
**എം.ബി. രാജേഷ്**
**(സി.പി.എം)**
**9446343499**
mbrajesh@ niyamasabha.nic.in



**പട്ടാമ്പി**
**മുഹമ്മദ് മുഹ്സിൻ പി.**
**(സി.പി.ഐ)**
**9895319684**
muhammedmuhassin@ niyamasabha.nic.in



**ഷൊർണ്ണൂർ**
**പി. മമ്മിക്കുട്ടി**
**(സി.പി.എം)**
**7510131269**
pmammikutty@ niyamasabha.nic.in



**ഒറ്റപ്പാലം**
**അഡ്വ. കെ. പ്രേംകുമാർ**
**(സി.പി.എം)**
**9446727557**
kpremkumar@ niyamasabha.nic.in



**കൊങ്ങാട്**
**ശാന്താകുമാരി കെ.**
**(സി.പി.എം)**
**9847319606**
ksanthakumari@ niyamasabha.nic.in



**മണ്ണാർക്കാട്**
**എൻ. ഷംസുദ്ദീൻ**
**(മുസ്ലിം ലീഗ്)**
**9447340892**
nsamsudheen@ niyamasabha.nic.in



**മലമ്പുഴ**
**എ. പ്രഭാകരൻ**
**(സി.പി.എം)**
**9447772855**
aprabhakaran@ niyamasabha.nic.in



**പാലക്കാട്**
**ഷാഫി പറമ്പിൽ**
**(കോൺഗ്രസ്)**
**9400000006**
shafiparambil@ niyamasabha.nic.in



**തരൂർ**
**പി.പി. സുമോദ്**
**(സി.പി.എം)**
**9633951004**
ppsumod@ niyamasabha.nic.in



**ചിറ്റൂർ**
**കെ. കൃഷ്ണൻകുട്ടി**
**(ജനതാദൾ – എസ്)**
**9447012369**
kkrishnankutty@ niyamasabha.nic.in



**നെന്മാറ**
**കെ. ബാബു**
**(സി.പി.എം)**
**9447514738**
babunenmara@ niyamasabha.nic.in



**ആലത്തൂർ**
**കെ.ഡി. പ്രസന്നൻ**
**(സി.പി.എം)**
**9495056056**
kdprasenan@ niyamasabha.nic.in



**ചേലക്കര**
**കെ. രാധാകൃഷ്ണൻ**
**(സി.പി.എം)**
**9447787999**
kradhakrishnan@ niyamasabha.nic.in



**കുന്ദമംഗലം**
**എ.സി. മൊയ്തീൻ**
**(സി.പി.എം)**
**9447978800**
acmoideen@ niyamasabha.nic.in



**ഗുരുവായൂർ**
**എൻ.കെ. അക്ബർ**
**(സി.പി.എം)**
**9447919490**
nkakbar@ niyamasabha.nic.in



**മണലൂർ**
**മുരളി പെരുനെല്ലി**
**(സി.പി.എം)**
**9447015284**
muraliperunelly@ niyamasabha.nic.in



**വടക്കാഞ്ചേരി**
**സേവ്യർ ചിറ്റിലപ്പള്ളി**
**(സി.പി.എം)**
**9446228486**
xavier@ niyamasabha.nic.in



**ഒല്ലൂർ**
**കെ. രാജൻ**
**(സി.പി.ഐ)**
**9961375280**
krajan@ niyamasabha.nic.in



**തൃശൂർ**
**പി. ബാലചന്ദ്രൻ**
**(സി.പി.ഐ)**
**9847581634**
pbalachandran@ niyamasabha.nic.in



**നാട്ടിക**
**സി.സി. മുകുന്ദൻ**
**(സി.പി.ഐ)**
**9947071105**
ccmukundan@ niyamasabha.nic.in



**കൈപ്പമംഗലം**
**ഇ.റ്റി. ടൈസൻ മാസ്റ്റർ**
**(സി.പി.ഐ)**
**9846958317**
taisonmaster@ niyamasabha.nic.in



**ഇരിങ്ങാലക്കുട**
**ഡോ. ആർ. ബിന്ദു**
**(സി.പി.എം)**
**9496371755**
rbindu@ niyamasabha.nic.in



**പുതുക്കാട്**
**കെ.കെ. രാമചന്ദ്രൻ**
**(സി.പി.എം)**
**9846186095**
kkramachandran@ niyamasabha.nic.in



**ചാലക്കുടി**
**സനീഷ്കുമാർ ജോസഫ്**
**(കോൺഗ്രസ്)**
**9847749901**
saneeshkumar@ niyamasabha.nic.in



**കൊടുങ്ങല്ലൂർ**
**അഡ്വ. വി.ആർ. സുനിൽകുമാർ**
**(സി.പി.ഐ)**
**96569965759**
vrsunilkumar@ niyamasabha.nic.in



**പെരുമ്പാവൂർ**
**അഡ്വ. എൽദോസ് പി. കുന്നപ്പിള്ളി**
**(കോൺഗ്രസ്)**
**9446300547**
eldosep@ niyamasabha.nic.in



**അങ്കമാലി**
**റോജി എം. ജോൺ**
**(കോൺഗ്രസ്)**
**9971392134**
rojimjohn@ niyamasabha.nic.in



**ആലുവ**
**അൻവർ സാദത്ത്**
**(കോൺഗ്രസ്)**
**9846887886**
anwarsadath@ niyamasabha.nic.in



**കളമശേരി**
**പി. രാജീവ്**
**(സി.പി.എം)**
**9447073744**
prajeeve@ niyamasabha.nic.in



**പറവൂർ**
**വി.ഡി. സതീശൻ**
**(കോൺഗ്രസ്)**
**9447018183**
vdsatheesan@ niyamasabha.nic.in



**വൈപ്പിൻ**
**കെ.എൻ. ഉണ്ണികൃഷ്ണൻ**
**(സി.പി.എം)**
**9895025020**
knunnikrishnan@ niyamasabha.nic.in



**കൊച്ചി**
**കെ.ജെ. മാക്സി**
**(സി.പി.എം)**
**9447136374**
kjmaxy@ niyamasabha.nic.in



**തൃപ്പൂണിത്തുറ**
**കെ. ബാബു**
**(കോൺഗ്രസ്)**
**9447048418**
kbabu1951@ niyamasabha.nic.in



**എറണാകുളം**
**റ്റി.ജെ. വിനോജ്**
**(കോൺഗ്രസ്)**
**9447044047**
tjvinod@ niyamasabha.nic.in



**തൃക്കാക്കര**
**അഡ്വ. പി.റ്റി. തോമസ്**
**(കോൺഗ്രസ്)**
**9447029595**
ptthomas.@ niyamasabha.nic.in



**കുന്നത്തനാട്**
**അഡ്വ. പി.വി. ശ്രീനിജൻ**
**(സി.പി.എം)**
**9847500812**
pvsreenijin@ niyamasabha.nic.in



**പിറവം**
**അനൂപ് ജേക്കബ്**
**കേരള കോൺഗ്രസ് – ജേക്കബ്**
**9847069671**
anoopjacob@ niyamasabha.nic.in



**മൂവാറ്റുപുഴ**
**ഡോ. മാത്യു കുഴൽനാടൻ**
**(കോൺഗ്രസ്)**
**9495974044**
kmathew@ niyamasabha.nic.in



**കോതമംഗലം**
**ആന്റണി ജോൺ**
**(സി.പി.എം)**
**9946640994**
antonyjohn@ niyamasabha.nic.in



**ദേവികുളം**
**അഡ്വ. എ. രാജ**
**(സി.പി.എം)**
**9495567123**
arajamunnar@ niyamasabha.nic.in



**ഉടുമ്പൻചോല**
**എം.എം. മണി**
**(സി.പി.എം)**
**9447695500**
mmmani@ niyamasabha.nic.in



**തൊടുപുഴ**
**പി.ജെ. ജോസഫ്**
**(കേരള കോൺഗ്രസ് ജോസഫ്)**
**9495766600**
pjjoseph@ niyamasabha.nic.in



**ഇടുക്കി**
**റോഷി അഗസ്റ്റിൻ**
**(കേരള കോൺഗ്രസ്–എം)**
**9447021314**
roshyaugustine@ niyamasabha.nic.in



**പീരുമേട്**
**വാഴൂർ സോമൻ**
**(സി.പി.ഐ)**
**9447456639**
vazhoorsoman@ niyamasabha.nic.in



**പാലാ**
**മാണി സി. കാപ്പൻ**
**നാഷണലിസ്റ്റ് കോൺഗ്രസ് കേരള**
**9447137219**
manickappan@ niyamasabha.nic.in



**കടുത്തുരുത്തി**
**അഡ്വ. മോൻസ് ജോസഫ്**
**കേരള കോൺഗ്രസ്**
**9447306270**
monsjoseph@ niyamasabha.nic.in



**വൈക്കം**
**സി.കെ. ആശ**
**(സി.പി.ഐ)**
**9947178606**
ckasha@ niyamasabha.nic.in



**ഏറ്റുമാനൂർ**
**വി.എൻ. വാസവൻ**
**(സി.പി.എം)**
**9447050543**
vnvasavan@ niyamasabha.nic.in



കോട്ടയം
തിരുവഞ്ചൂർ രാധാകൃഷ്ണൻ
(കോൺഗ്രസ്)
9447018116
thiruvanchoor@ niyamasabha.nic.in



പുതുപ്പള്ളി
ഉമ്മൻ ചാണ്ടി
(കോൺഗ്രസ്)
04712512200
oommenchandy@ niyamasabha.nic.in



ചങ്ങനാശേരി
അഡ്വ. ജോബ് മൈക്കിൾ
(കേരള കോൺഗ്രസ് – എം)
9447797959
jobmaichil@ niyamasabha.nic.in



കാഞ്ഞിരപ്പള്ളി
ഡോ. എൻ. ജയരാജ്
(കേരള കോൺഗ്രസ് – എം)
9447464451
njayaraj@ niyamasabha.nic.in



പൂഞ്ഞാർ
അഡ്വ. സെബാസ്റ്റ്യൻ കുളത്തുങ്കര
കേരള കോൺഗ്രസ് – എം
9447054850
sebastiank@ niyamasabha.nic.in



അരൂർ
ദലീമ
(സി.പി.എം)
9847698317
daleema@ niyamasabha.nic.in



ചേർത്തല
പി. പ്രസാദ്
(സി.പി.ഐ)
9446386719
pprasad@ niyamasabha.nic.in



ആലപ്പുഴ
പി.പി. ചിത്തരഞ്ജൻ
(സി.പി.എം)
9447480112
ppchitharanjan@ niyamasabha.nic.in



അമ്പലപ്പുഴ
എച്ച്. സലാം
(സി.പി.എം)
9447266423
hsalam@ niyamasabha.nic.in



കുട്ടനാട്
തോമസ് കെ. തോമസ്
(എൻ.സി.പി)
9539239729
thomaskthomas@ niyamasabha.nic.in



ഹരിപ്പാട്
രമേശ് ചെന്നിത്തല
(കോൺഗ്രസ്)
9447777100
rchennithala@ niyamasabha.nic.in



കായംകുളം
അഡ്വ. യു. പ്രതിഭ
(സി.പി.എം)
9495465666
uprathibha@ niyamasabha.nic.in



മാവേലിക്കര
എം.എസ്. അരുൺകുമാർ
(സി.പി.എം)
9846475521
msarunkumar@ niyamasabha.nic.in



ചെങ്ങന്നൂർ
സജി ചെറിയാൻ
(സി.പി.എം)
9447069379
sajicherian@ niyamasabha.nic.in



തിരുവല്ല
അഡ്വ. മാത്യു ടി. തോമസ്
(ജനതാദൾ സെക്യുലർ)
9447802865
mathewtthomas@ niyamasabha.nic.in



റാന്നി
അഡ്വ. പ്രമോദ് നാരായൺ
(കേരള കോൺഗ്രസ് – എം)
9447173000
pramodnarayan@ niyamasabha.nic.in



ആറന്മുള
വീണ ജോർജ്
(സി.പി.എം)
8547007032
veenageorge@ niyamasabha.nic.in



കോന്നി
അഡ്വ. കെ.യു. ജെനീഷ്കുമാർ
(സി.പി.എം)
9446115329
jenishkumar@ niyamasabha.nic.in



അടൂർ
ചിറ്റയം ഗോപകുമാർ
(സി.പി.ഐ)
9847103731
chittayamg@ niyainmasabha.nic.in



കരുനാഗപ്പള്ളി
സി.ആർ. മഹേഷ്
(കോൺഗ്രസ്)
9847191443
crmahesh@ niyamasabha.nic.in



ചവറ
ഡോ. സുജിത് വിജയൻപിള്ള
സ്വതന്ത്രൻ)
9495174310
sujithvijayan@ niyamasabha.nic.in



കുന്നത്തൂർ
കോവൂർ കുഞ്ഞുമോൻ
(സ്വതന്ത്രൻ)
9447500371
kovoorkunjumon@ niyamasabha.nic.in



കൊട്ടാരക്കര
കെ.എൻ. ബാലഗോപാൽ
(സി.പി.എം)
9446545577
knbalagopal@ niyamasabha.nic.in



പത്തനാപുരം
കെ.ബി. ഗണേശ്കുമാർ
കേരള കോൺഗ്രസ് – ബി
9447747274
kbganeshkumar@ niyamasabha.nic.in



പുനലൂർ
പി.എസ്. സുപാൽ
(സി.പി.ഐ)
9447101233
pssupal@ niyamasabha.nic.in



ചടയമംഗലം
ജെ. ചിഞ്ചുറാണി
(സി.പി.ഐ)
8281896075
chinjurani@ niyamasabha.nic.in



കുണ്ടറ
പി.സി. വിഷ്ണുനാഥ്
(കോൺഗ്രസ്)
8848324672
pcvishnunath@ niyamasabha.nic.in



കൊല്ലം
എം. മുകേഷ്
(സി.പി.എം)
9847072122
mmukesh@ niyamasabha.nic.in



ഇരവിപുരം
എം. നൗഷാദ്
(സി.പി.എം)
9447454097
mnoushad@ niyamasabha.nic.in



ചാത്തന്നൂർ
ജി.എസ്. ജയലാൽ
(സി.പി.ഐ)
9447092323
gsjayalal@ niyamasabha.nic.in



വർക്കല
അഡ്വ. വി. ജോയ്
(സി.പി.എം)
9447206270
vjoy1965@ niyamasabha.nic.in



ആറ്റിങ്ങൽ
ഒ.എസ്. അംബിക
(സി.പി.എം)
9605232496
osambika@ niyamasabha.ni-c.in



ചിറയിൻകീഴ്
വി. ശശി
(സി.പി.ഐ)
9847311660
vsasi1950@ niyamasabha.nic.in



നെടുമങ്ങാട്
അഡ്വ. ജി.ആർ. അനിൽ
(സി.പി.ഐ)
9447800304
granil@ niyamasabha.nic.in



വാമനപുരം
അഡ്വ. ഡി.കെ. മുരളി
(സി.പി.എം)
9447428205
dkmurali@ niyamasabha.nic.in



കഴക്കൂട്ടം
കടകംപള്ളി സുരേന്ദ്രൻ
(സി.പി.എം)
9447048543
kadakampallis@ niyamasabha.nic.in



വട്ടിയൂർക്കാവ്
അഡ്വ. വി.കെ. പ്രശാന്ത്
(സി.പി.എം)
9447260664
vkprasanth@ niyamasabha.nic.in



തിരുവനന്തപുരം
അഡ്വ. ആന്റണി രാജു
(ജനാധിപത്യ കേരള കോൺഗ്രസ്)
9446090902
antonyraju@ niyamasabha.nic.in



നേമം
വി. ശിവൻകുട്ടി
(സി.പി.എം)
9846660986
vsivankutty@ niyamasabha.nic.in



അരുവിക്കര
അഡ്വ. ജി. സ്റ്റീഫൻ
(സി.പി.എം)
9447235374
steephen@ niyamasabha.nic.in



പാറശാല
സി.കെ. ഹരീന്ദ്രൻ
(സി.പി.എം)
9447696005
ckhareendran@ niyamasabha.nic.in



കാട്ടാക്കട
അഡ്വ. ഐ.ബി. സതീഷ്
(സി.പി.എം)
9446558430
ibsatheesh@ niyamasabha.nic.in



കോവളം
അഡ്വ. എം. വിൻസന്റ്
(കോൺഗ്രസ്)
9847346077
mvincent@ niyamasabha.nic.in



നെയ്യാറ്റിൻകര
കെ. അൻസലൻ
(സി.പി.എം)
9995191282
kansalan@ niyamasabha.nic.in

# സഭാനാഥനായി ആയിരം നാവുള്ള പാർലമെന്റേറിയൻ



## പാർലമെന്റിൽ ആയിരത്തോളം ചോദ്യം ചോദിച്ച് റെക്കോഡ് തീർത്ത എം.ബി രാജേഷ് ഇനി നിയമസഭയിൽ അംഗങ്ങളോട് ചോദ്യം ചോദിക്കാൻ ആവശ്യപ്പെടും

പതിനഞ്ചാം കേരള നിയമസഭയുടെ സ്പീക്കറായി സി.പി.ഐ.എമ്മിലെ എം.ബി. രാജേഷിനെ തെരഞ്ഞെടുത്തു. കേരള നിയമസഭയുടെ 23-ാമത്തെ സ്പീക്കറാണ് എം.ബി. രാജേഷ്. സി.പി.ഐ.എം. സംസ്ഥാന കമ്മിറ്റിയംഗമായ എം.ബി. രാജേഷ് തൃത്താല മണ്ഡലത്തിൽനിന്നാണ് നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടത്. പ്രോടെം സ്പീക്കർ പി.ടി.എ. റഹീമിന്റെ അധ്യക്ഷതയിൽ ചേർന്ന നിയമസഭാ സമ്മേളനത്തിലാണ് തെരഞ്ഞെടുപ്പ് നടന്നത്. എം.ബി. രാജേഷിന് 96 വോട്ട് ലഭിച്ചു. യു.ഡി.എഫ് സ്ഥാനാർഥി പി.സി. വിഷ്ണുനാഥിന് 40 വോട്ടും ലഭിച്ചു. നിയമസഭയിൽ ആദ്യമായെത്തുന്ന എം.ബി. രാജേഷ് രണ്ടുതവണ പാലക്കാട് നിന്നുള്ള ലോകസഭാംഗമായിരുന്നു.

സഭയിൽ എൽ.ഡി.എഫിന് 99 അംഗങ്ങളും യു.ഡി.എഫിന് 41 അംഗങ്ങളുമാണുള്ളത്. കീഴ്‌വഴക്കമനുസരിച്ച് പ്രോടെം സ്പീക്കർ വോട്ട് ചെയ്തില്ല. ആരോഗ്യകാരണങ്ങളാൽ രണ്ട് എൽ.ഡി.എഫ് അംഗങ്ങൾക്കും ഒരു യു.ഡി.എഫ് അംഗത്തിനും വോട്ടു ചെയ്യാനായില്ല. മുഖ്യമന്ത്രി പിണറായി വിജയൻ പേര് നിർദേശിച്ചു. മന്ത്രി റോഷി അഗസ്റ്റിൻ പിന്താങ്ങി. മറ്റൊന്നിൽ സി.പി.ഐ കക്ഷി നേതാവ് ഇ. ചന്ദ്രശേഖരൻ പേര് നിർദേശിച്ചു. ജെ.ഡി.എസ് കക്ഷി നേതാവ് മാത്യു ടി. തോമസ് പിന്താങ്ങി. വിഷ്ണുനാഥിനെ പ്രതിപക്ഷനേതാവ് വി. ഡി. സതീശൻ നിർദേശിച്ചു. മുസ്ലീംലീഗ് നേതാവ് പി കെ കുഞ്ഞാലിക്കുട്ടി പിന്തുണച്ചു.

ആദ്യം മുഖ്യമന്ത്രി പിണറായി വിജയനാണ് വോട്ട് ചെയ്തത്. സ്പീക്കറുടെ വേദിയിൽ പിൻഭാഗത്ത് ഇരുവശങ്ങളിലായാണ് പോളിങ് ബൂത്ത് സജ്ജീകരിച്ചത്.

മുഖ്യമന്ത്രി പിണറായി വിജയനും പ്രതിപക്ഷനേതാവ് വി.ഡി. സതീശനും ചേർന്ന് എം.ബി. രാജേഷിനെ സ്പീക്കറുടെ ഡയസിലേക്ക് നയിച്ചു. തുടർന്ന് മുഖ്യമന്ത്രി പിണറായി വിജയൻ, പ്രതിപക്ഷനേതാവ് വി.ഡി. സതീശൻ, വിവിധ കക്ഷിനേതാക്കൾ എന്നിവർ സ്പീക്കറെ അഭിനന്ദിച്ച് സംസാരിച്ചു.

എം.ബി. രാജേഷ് ഒറ്റപ്പാലം എൻ.എസ്.എസ് കോളേജിൽ എസ്.എഫ്.ഐ യൂണിറ്റ് സെക്രട്ടറിയായാണ് സംഘടനാ പ്രവർത്തനം തുടങ്ങിയത്. സാമ്പത്തിക ശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദവും തിരുവനന്തപുരം ലോ അക്കാദമിയിൽനിന്ന് നിയമ



ബിരുദവും നേടി. വിദ്യാർഥി പ്രസ്ഥാനത്തിലൂടെ പൊതു രംഗത്തേക്കെത്തിയ എം.ബി. രാജേഷ് എസ്.എഫ്.ഐ സംസ്ഥാന സെക്രട്ടറി, ഡി.വൈ.എഫ്.ഐ സംസ്ഥാന പ്രസിഡന്റ്, അഖിലേന്ത്യാ പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചു. 2009ലും 2014ലും പാലക്കാട് നിന്ന് പാർലമെന്റ് അംഗമായി. പാർലമെന്റിൽ മികച്ച പ്രകടനം കാഴ്ചവച്ചു.

ദി വീക്കിന്റെ മികച്ച യുവ പാർലമെന്റേറിയനുള്ള പുരസ്കാരം, മനോരമ ന്യൂസിന്റെ കേരളത്തിലെ മികച്ച പാർലമെന്റംഗത്തിനുള്ള പുരസ്കാരം, ചെറിയാൻ ജെ. കാപ്പൻ പുരസ്കാരം, കോട്ടയം ലയൺസ് ക്ലബിന്റെ ഗ്ലോബൽ മലയാളം ഫൗണ്ടേഷൻ അവാർഡ് എന്നിവ ലഭിച്ചു. എട്ട് പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു.

പാർലമെന്റിൽ പാലക്കാടിന്റെ ശബ്ദം മാത്രമല്ല, കേരളത്തിന്റെ ആകെ ശബ്ദമായി മാറാൻ കഴിഞ്ഞ യുവ നേതാവാണ് എം.ബി. രാജേഷ്. സമരസംഘടനാ പ്രവർത്തനം കരുത്താക്കി വളർന്നുവന്ന നേതാവ്, എസ്.എഫ്.ഐ സംസ്ഥാന സെക്രട്ടറിയായിരിക്കെ പോലീസിന്റെ ക്രൂരമർദ്ദനത്തിനിരയായി. മുത്തങ്ങയിൽ ആദിവാസിൾക്കുനേരെ എ.കെ. ആന്റണി സർക്കാരിന്റെ കാലത്ത് പൊലീസ് നടത്തിയ നരനായാട്ടിൽ പ്രതിഷേധിച്ച് നടത്തിയ വിദ്യാർത്ഥി സമരത്തിലും പോലീസ് മർദ്ദനത്തിനിരയായി. 1994 മുതൽ വിദ്യാർത്ഥി നേതാവാണ്. 2002ലും 2003ലും പോലീസ് മർദ്ദനത്തിനിരയായി. എം.പിയായിരിക്കെ ഡൽഹിയിൽവച്ചും അവിടത്തെ പൊലീസിന്റെ മർദ്ദനത്തിനിരായായി. വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ വിദ്യാർത്ഥികൾക്കുനേരെയുള്ള പൊലീസ് മർദ്ദനം അവസാനിപ്പിക്കണമെന്നാവശ്യപ്പെട്ട് നടത്തിയ പ്രക്ഷോഭത്തിലാണ് ഡൽഹിയിൽ വച്ച് മർദ്ദനമേറ്റത്.

ജാലിയൻവാലാബാഗ് കൂട്ടക്കൊലയിൽ നൂറുവർഷത്തിനുശേഷം ബ്രിട്ടീഷ് പ്രധാനമന്ത്രി മാപ്പ് പറഞ്ഞത് എം.ബി. രാജേഷിന്റേയും ശശി തരൂരിന്റേയും ഇടപെടലിനെതുടർന്നായിരുന്നു. പാർലമെന്റിൽ ആയിരത്തോളം ചോദ്യം ചോദിച്ച് റെക്കോഡ് തീർത്ത രാജേഷ് ഇനി നിയമസഭയിൽ അംഗങ്ങളോട് ചോദ്യം ചോദിക്കാൻ ആവശ്യപ്പെടും. മികച്ച പാർലമെന്റേറിയൻ കൂടിയായ രാജേഷ് ബ്രിട്ടീഷ് വിദേശകാര്യവകുപ്പ് തെരഞ്ഞെടുത്ത ഏഴ് പാർലമെന്റംഗങ്ങളിൽ ഒരാളായിരുന്നു. ഇവർക്ക് ലണ്ടൻ കിംഗ്സ് കോളേജിൽ സ്വീകരണവും നൽകിയിരുന്നു. ആനുകാലിക വിഷയങ്ങളിൽ നല്ല അവഗാഹമുള്ള രാജേഷ് ഇംഗ്ലിഷ് ഉൾപ്പെടെയുള്ള മാധ്യമങ്ങളിൽ ലേഖനങ്ങളും എഴുതാറുണ്ട്.

സൈനിക ഉദ്യോഗസ്ഥനായ ചളവറ കയില്യാട് മാമ്പറ്റ ബാലകൃഷ്ണൻ നായരുടെയും എം കെ രമണിയുടെയും മകനായി 1971ൽ പഞ്ചാബിലെ ജലന്ധറിൽ ജനനം. ഭാര്യ: ഡോ. നിനിത കണിച്ചേരി (അധ്യാപിക). മക്കൾ: നിരഞ്ജന, പ്രിയദത്ത.

# കർഷകതൊഴിലാളി കുടുംബത്തിൽനിന്ന് ഡെപ്യുട്ടി സ്പീക്കർ പദവിയിലേക്ക്

**എ.**ഐ.എസ്.എഫ് കൊട്ടാരക്കര താലൂക്ക് സെക്രട്ടറി ആയിരുന്ന വിദ്യാർഥി നേതാവ്, അടൂരിന്റെ സ്വന്തം ചിറ്റയം ഗോപകുമാർ ഇനി കേരള നിയമസഭയുടെ ഡെപ്യൂട്ടി സ്പീക്കർ. സിപിഐ സംസ്ഥാന കൗൺസിൽ അംഗം, മൂന്നാംവട്ടമാണ് നിയമസഭയിൽ അടൂരിനെ പ്രതിനിധീകരിക്കുന്നത്.

അഞ്ചാലും മൂട്, കൊട്ടാരക്കര എന്നിവിടങ്ങളിൽ വിദ്യാഭ്യാസം. ബാലവേദി, എ.ഐ.എസ്.എഫ് പ്രവർത്തകനായി തുടക്കം. എ.ഐ.എസ്.എഫ്. കൊട്ടാരക്കര താലൂക്ക് സെക്രട്ടറി, കൊല്ലം ജില്ലാ വൈസ് പ്രസിഡന്റ്, സംസ്ഥാനകമ്മിറ്റി അംഗം. തുടർന്ന് എ.ഐ.വൈ.എഫിലും എ.ഐ.ടി.യു.സിയിലും പ്രവർത്തനം. കർഷക തൊഴിലാളി ഫെഡറേഷൻ (ബി.കെ.എം.യു) കൊല്ലം ജില്ലാ സെക്രട്ടറി, വിവിധ യൂണിയനുകളുടെ ഭാരവാഹി. ഇപ്റ്റ, യുവകലാസാഹിതി എന്നീ സംഘടനകളിലും ഇന്റർനാഷണൽ ഫെസ്റ്റിവൽ ഓഫ് അടൂർ എന്ന സംഘനയുടെ രക്ഷാധികാരി എന്നീ നിലകളിലും പ്രവർത്തിക്കുന്നു.



1995 ൽ കൊട്ടാരക്കര ഗ്രാമ പഞ്ചായത്ത് പ്രസിഡന്റായിരുന്നു. കേരള സ്റ്റേറ്റ് കർഷകതൊഴിലാളി ക്ഷേമനിധി ബോർഡ് ചെയർമാനയിരുന്നു. ഭാര്യ: സി. ഷെർളി ബായി. മൂത്ത മകൾ അമൃത എസ്.ജി. അടൂർ സെന്റ് സിറിൾസ് കോളേജിലെ ഇംഗ്ലീഷ് വിഭാഗം ഗസ്റ്റ് ലക്ച്ചറർ ആണ്. ഇളയ മകൾ അനുജ എസ്.ജി. തിരുവനന്തപുരം ഗവ. ലോ കോളേജിൽ എൽ.എൽ.ബി വിദ്യാർത്ഥി.

# പി.കെ. അപ്പുകുട്ടൻ അന്തരിച്ചു



**ക**യർഫെഡ് ഡയറക്ടർ ബോർഡ് അംഗമായ പി.കെ. അപ്പുകുട്ടൻ അന്തരിച്ചു. കയർഫെഡിന്റെ വൈക്കം കയർ പ്രോജക്ടിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ഡയറക്ടർ ബോർഡ് അംഗമാണ്. പി.കെ. അപ്പുകുട്ടന്റെ നിര്യാണത്തിൽ കയർഫെഡിന്റെ ആദരാഞ്ജലികൾ

# വി.ഡി. സതീശൻ പ്രതിപക്ഷനേതാവ്

എറണാകുളം ജില്ലയിലെ നെട്ടൂരിൽ വടശ്ശേരി ദാമോദര മേനോന്റെയും വി. വിലാസിനിയമ്മയുടെയും മകനായി ജനിച്ച വി.ഡി. സതീശൻ നെട്ടൂർ എസ്.വി.യു.പി. സ്കൂൾ പനങ്ങാട് ഹൈസ്കൂൾ എന്നിവടങ്ങളിൽ നിന്നും പ്രാഥമിക വിദ്യാഭ്യാസം നേടി. തേവര സേക്രഡ് ഹാർട്ട് കോളേജിലെ ആർട്സ് ക്ലബ് സെക്രട്ടറിയായിരുന്നു. എം.ജി, കേരള സർവകലാശാലകളിൽ യൂണിയൻ കൗൺസിലറായിരുന്ന ഇദ്ദേഹം 1986-87 കാലത്ത് എം.ജി സർവകലാശാലാ യൂണിയൻ ചെയർമാനായിരുന്നു. എൻ.എസ്.യു ദേശീയ കമ്മറ്റി സെക്രട്ടറി സ്ഥാനം വഹിച്ചിട്ടുണ്ട്.

നിയമസഭയുടെ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി, എസ്റ്റിമേറ്റ് കമ്മിറ്റികളുടെ ചെയർമാൻ സ്ഥാനം വഹിച്ചിട്ടുണ്ട്. എ.ഐ.സി.സി സെക്രട്ടറിയായും കെ.പി.സി.സി ഉപാധ്യക്ഷനായും പ്രവർത്തിച്ചിട്ടുണ്ട്. നിയമബിരുദധാരിയാണ്. 2001ൽ പറവൂരിൽനിന്നും ആദ്യമായി നിയമസഭയിലെത്തി. 2006ലും 2011ലും ഇതേ മണ്ഡലത്തിൽ വിജയം ആവർത്തിച്ചു.

പ്രതിപക്ഷനേതാവായി ഇക്കുറി തെരെഞ്ഞെടുക്കപ്പെട്ട സതീശൻ പ്രതിപക്ഷത്തിന്റെ സർക്കാരിനോടുള്ള സമീപനത്തിൽ മാറ്റം വരുത്തുമെന്നും കോവിഡ് മഹാമാരി നേരിടുന്നതിൽ സർക്കാരിന്റെ കൂടെ നിൽക്കുമെന്നുമുള്ള നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. ജനങ്ങൾ ഭരിക്കാൻ തെരഞ്ഞെടുത്ത സർക്കാരിനെ ഭരിക്കാൻ അനുവദിക്കില്ല എന്ന നിലപാട് സ്വീകരിക്കില്ലെന്നും പ്രളയങ്ങളുടെ ദുരിതശേഷം ഇപ്പോൾ കോവിഡ് മഹാമാരി നേരിടാൻ സർക്കാർ സ്വീകരിക്കുന്ന എല്ലാ നടപടികൾക്കും സർക്കാരിനു പിന്തുണ നൽകുമെന്നും പറയുന്നു.

ആരോഗ്യം, വിദ്യാഭ്യാസം പോലുള്ള മേഖലകളിൽ സർക്കാരുമായി ഏറ്റുമുട്ടാൻ തയാറാകില്ല. ഭൂരിപക്ഷ, ന്യൂനപക്ഷ വർഗീയതയെ ഒരുപോലെ എതിർക്കുന്ന സമീപനമാകും തന്റെ നേതൃത്വത്തിൽ സ്വീകരിക്കുകയെന്നും വി.ഡി. സതീശൻ പറയുന്നു. ക്രിയാത്മക പ്രതിപക്ഷം ഉണ്ടാകണമെന്നാണ് ജനങ്ങൾ ആഗ്രഹിക്കുന്നത്. കാലം ആഗ്രഹിക്കുന്ന മാറ്റം ഉണ്ടാകണം. ഈ പ്രതിപക്ഷ നേതൃസ്ഥാനം പുഷ്പ കിരീടമല്ല. 1967 ലെ കനത്ത പരാജയത്തിനു സമാനമായ കനത്ത പരാജയമാണ് കോൺഗ്രസിനുണ്ടായത്. അതിൽ നിന്നു തിരിച്ചു കയറാൻ കഴിയണം. തമ്മിലടിച്ചു നിൽക്കുകയല്ല; ജനങ്ങൾക്കൊപ്പമുണ്ടെന്ന് അവരെ ബോധ്യപ്പെടുത്തണമെന്നും അദ്ദേഹം കൂട്ടിച്ചേർക്കുന്നു.



# പ്രൗഢം വനിതാ സാന്നിധ്യം സഭയിലും സദസിലും

സംസ്ഥാനത്തെ രാഷ്ട്രീയ ചരിത്രത്തിൽ ആദ്യമായി ഒരു മന്ത്രിസഭയിൽ മൂന്നു വനിതാ അംഗങ്ങൾ സത്യപ്രതിജ്ഞ ചെയ്തപ്പോൾ സാക്ഷ്യം വഹിച്ചത് വനിതാ സാന്നിധ്യംകൊണ്ട് പ്രൗഢമാർന്ന സദസ്. കോവിഡ് പ്രോട്ടോക്കോൾ പാലിക്കാൻ ക്ഷണിതാക്കളുടെ എണ്ണം ഏറ്റവും ചുരുക്കിയപ്പോഴും സമൂഹത്തിലെ വിവിധ തുറകളിലുള്ള അമ്പതോളം വനിതകൾ ചടങ്ങിന് സാക്ഷ്യം വഹിക്കാനെത്തി. മുൻ മന്ത്രിമാരായ കെ.കെ. ശൈലജ ടീച്ചർ, ജെ. മേഴ്സിക്കുട്ടിയമ്മ, പശ്ചിമ ബംഗാളിനെ പ്രതിനിധീകരിച്ച് എത്തിയ ഡോ. കാകോളി ഘോഷ് ദസ്തിഖർ എം.പി., മുഖ്യമന്ത്രിയുടെ പത്നി കമല വിജയൻ, ആടിനെ വിറ്റുകിട്ടിയ തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന ചെയ്ത കൊല്ലം സ്വദേശിനി സുബൈദ തുടങ്ങി നിരവധി വനിതകൾ ചടങ്ങിന് സാക്ഷിയായി.

മൂന്ന് വനിതാ മന്ത്രിമാരും കുടുംബാഗങ്ങളുമൊത്താണ് ചടങ്ങിനെത്തിയത്. പതിനൊന്നാമതായി പ്രൊഫ. ആർ. ബിന്ദുവും പന്ത്രണ്ടാമത് ചിഞ്ചു റാണിയും ഏറ്റവും ഒടുവിലായി വീണാ ജോർജും അക്ഷരമാലാക്രമത്തിൽ സത്യവാചകം ചൊല്ലി. ബിന്ദുവും ചിഞ്ചു റാണിയും സഗൗരവം പ്രതിജ്ഞ ചെയ്തപ്പോൾ ദൈവനാമത്തിലായിരുന്നു വീണാ ജോർജിന്റെ പ്രതിജ്ഞ.

ആദ്യ പിണറായി വിജയൻ സർക്കാർ രണ്ടു വനിതാ മന്ത്രിമാരെ മന്ത്രിസഭയിൽ ഉൾപ്പെടുത്തി ചരിത്രം രചിച്ചപ്പോൾ മൂന്ന് വനിതാ മന്ത്രിമാർ എന്ന പുതു ചരിത്രമെഴുതുകയാണ് രണ്ടാം സർക്കാർ.

വ്യവസായ– കയർ –നിയമ മന്ത്രി

## പി. രാജീവിന്

കയർഫെഡിന്റെ

# ആശംസകൾ



RNI.68938/98, Reg.No.KL/ALP/150/98, Date of Publication 30-05-2021, May 2021




Printed and published by Adv. N. Saikumar, President for and on behalf of The Kerala State Co-operative Coir Marketing Federation Ltd. No. 679 (Coirfed), P.B.No. 4616, Alappuzha-688012, Ph: 0477 2243628.
Printed at Alleppey Offset Printers, Thathampally P.O, Alappuzha, Ph: 0477 2234705